

## ആത്മാവിന്റെ നിറവിൽ – 2

കേരള ലത്തീൻകത്തോലിക്കാസഭയുടെ വിശ്വാസപരിശീലന പാഠാവലി

# പുത്രനായ ദൈവം

Green Offset, Mukkam

**Latin Archbishop's House**
P. B. No. 2581, Kochi-682 031
Kerala, India
E-mail: mail@verapoly.in

# ആശംസ



"ആത്മാവിന്റെ നിറവിൽ" എന്ന ശീർഷകത്തോടെ കേരള ലത്തീൻ കത്തോലിക്കാസഭയ്ക്കുവേണ്ടിയുള്ള മതബോധന ഗ്രന്ഥാവലി പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്.

വിശ്വാസപരിശീലനം എന്നത് സഭയുടെ പ്രധാന ദൗത്യങ്ങളിലൊന്നാണ്. വിശ്വസിക്കുന്ന കാര്യങ്ങളെക്കുറിച്ച് വ്യക്തമായ അറിവും ബോധ്യവും ഓരോ വിശ്വാസിക്കും ലഭിക്കണം. കേരള ലത്തീൻ കത്തോലിക്കാസഭയുടെ തനതായ പാരമ്പര്യവും സംസ്കാരവും ആരാധനക്രമവും വിശ്വാസിസമൂഹം വ്യക്തമായി അറിയുകയും ജീവിക്കുകയും വേണം. ക്രിസ്തുരഹസ്യങ്ങളെയും സഭാജീവിതത്തെയും ആധുനികലോകത്തിന്റെ സാഹചര്യങ്ങളിൽ നിന്നുകൊണ്ട് ധീരമായി പ്രഘോഷിക്കുവാൻ വിശ്വാസികളേവർക്കും കടമയുണ്ട്.

ക്രിസ്തുജയന്തി രണ്ടായിരാമാണ്ടിലാണ് കെ.ആർ.എൽ.സി.ബി.സി. മതബോധനകമ്മീഷൻ രൂപീകരിക്കപ്പെട്ടത്. കമ്മീഷന്റെ പ്രഥമവും പ്രധാനവുമായ ദൗത്യം കേരള ലത്തീൻ കത്തോലിക്കാസഭയ്ക്കുവേണ്ടിയുള്ള വിശ്വാസപരിശീലന പാഠാവലി തയ്യാറാക്കുക എന്നതായിരുന്നു. ഈ ദൗത്യം സ്തുത്യർഹമാംവിധം നിർവഹിച്ച കമ്മീഷൻചെയർമാൻ അഭിവന്ദ്യ സൂസപാക്യം പിതാവിനും സെക്രട്ടറി റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളിക്കും മറ്റ് കമ്മീഷൻ അംഗങ്ങൾക്കും പ്രവർത്തകർക്കും ഞാൻ നന്ദി പറയുന്നു. നമ്മുടെ മക്കളുടെ വിശ്വാസപാതയിൽ വഴിവിളക്കായി ഈ പുസ്തകപഠനം പ്രശോഭിക്കട്ടെ എന്ന് ഹൃദയപൂർവം ആശംസിക്കുന്നു.

**+ ആർച്ച്ബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിൽ**
പ്രസിഡന്റ്, കെ.ആർ.എൽ.സി.ബി.സി., കൊച്ചി
മെയ് 1, 2007

# സമർപ്പണം



ദൈവവചനത്തിന്റെ കൈമാറ്റമാണ് മതബോധനം. വിശുദ്ധഗ്രന്ഥവും പാരമ്പര്യവും ഉൾക്കൊള്ളുന്ന 'വിശ്വാസനിക്ഷേപ'ത്തെ (Depositum Fidei) അപ്പോസ്തലന്മാർ സമസ്തസഭയെയുമാണ് ഭരമേല്പിച്ചിരിക്കുന്നത് (DV 10,1; cf 1 തിമോ. 6:20). ഈ 'വിശ്വാസ നിക്ഷേപം' മുറുകെപിടിച്ചുകൊണ്ട്, വിശുദ്ധജനം മുഴുവനും തങ്ങളുടെ ഇടയന്മാരോടുചേർന്ന് അപ്പോസ്തലിക പ്രബോധനത്തിലും കൂട്ടായ്മയിലും അപ്പംമുറിക്കൽ ശുശ്രൂഷയിലും പ്രാർത്ഥനകളിലും വിശ്വസ്തതയോടെ വർത്തിക്കുന്നു (DV 10,1; അപ്പോ. 2:42).

ദൈവവചനപ്രഘോഷണംവഴി ക്രിസ്തുവുമായുള്ള വ്യക്തിബന്ധം വളർത്തിയാണ് ഒരുവൻ ക്രിസ്തുവിൽ രൂപപ്പെടുന്നതും ക്രിസ്തു അവനിൽ രൂപപ്പെടുന്നതും. വിശ്വാസിയിൽ ക്രിസ്തു പൂർണമായി രൂപപ്പെടുന്നതുവരെ (ഗലാ. 4:19) മതബോധനം അവസാനിക്കുന്നില്ല. വിശ്വാസസത്യങ്ങൾ ക്രമവൽകൃതമായി പഠിപ്പിക്കുന്നതിലൂടെ ദൈവികരഹസ്യങ്ങളുടെ ആഴങ്ങളിലേക്ക് ഇറങ്ങാനും ക്രിസ്തുവിന്റെ പ്രതിപുരുഷനായി ജീവിച്ച് സമൂഹത്തിൽ ക്രിസ്തുവിനെ സന്നിഹിതനാക്കാനും ക്രിസ്തുവിശ്വാസിക്ക് മതബോധനംവഴി കഴിയുന്നു.

സഭയുടെ പ്രഥമശുശ്രൂഷയായ മതബോധനം സഭയുടെ മുഴുവൻ ജീവനുമായി അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു. സഭയുടെ ഭൂമിശാസ്ത്രപരമായ വ്യാപ്തിയും സംഖ്യാപരമായ വർദ്ധനവും മാത്രമല്ല, അതിലുപരിയായ അവളുടെ ആന്തരികവളർച്ചയും ദൈവികപദ്ധതിയോടുള്ള സഹകരണവുമെല്ലാം അടിസ്ഥാനപരമായി മതബോധനത്തെ ആശ്രയിച്ചാണിരിക്കുന്നത് (CT 13).

പുണ്യസ്മരണാർഹനായ പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ ഓർമ്മിപ്പിച്ചിട്ടുള്ളതുപോലെ, മതബോധനഗ്രന്ഥം ക്രിസ്തീയരഹസ്യങ്ങളെക്കുറിച്ചുള്ള അറിവു വളർത്തുന്നതിനും ദൈവജനത്തിന്റെ വിശ്വാസം സജീവമാക്കുന്നതിനും ഹേതുവാകണം. കാലഘട്ടത്തിന്റെ വെല്ലുവിളിയും വളർച്ചയും ഉൾക്കൊണ്ടുകൊണ്ട് മതബോധനപ്രക്രിയയിലും മാറ്റങ്ങൾ അനിവാര്യമാണല്ലോ. "ആത്മാവിന്റെ നിറവിൽ" എന്ന പേരിൽ കേരള ലത്തീൻ കത്തോലിക്കാസഭ പുതിയ പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുമ്പോൾ ഈ ബോധ്യങ്ങളെല്ലാം ഉൾക്കൊള്ളുന്നുണ്ട്. കേരള ലത്തീൻ കത്തോലിക്കാസഭയുടെ മൗലികമായ ചരിത്രവും പാരമ്പര്യവും ആരാധനക്രമവുമെല്ലാം കാലികമായ പ്രാധാന്യത്തോടെ അവതരിപ്പിക്കുവാൻ ഈ പാഠപുസ്തകങ്ങളിലൂടെ പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഏറ്റവും ലളിതമായ ഭാഷയിൽ ആകർഷകമായ രീതിയിൽ ക്രിസ്തുവിന്റെ സുവിശേഷവും സഭയുടെ പ്രബോധനങ്ങളും പകർന്നുകൊടുക്കാൻ ഇവിടെ ശ്രമിച്ചിട്ടുണ്ട്.

അത്യന്തം ഉത്തരവാദിത്വവും ശ്രദ്ധയും ആവശ്യപ്പെടുന്ന ഈ ഉദ്യമം കേരള ലത്തീൻ കത്തോലിക്കാ മെത്രാൻസമിതിയുടെ കീഴിൽ മതബോധന കമ്മീഷൻ ഏറ്റെടുത്തത് വലിയൊരു വെല്ലുവിളിയായിത്തന്നെയാണ്. സർവത്തിന്റെയും ഉറവിടമായ ദൈവത്തിൽ ആശ്രയിച്ച് ആരംഭംകുറിച്ച ഈ സംരംഭം പൂർത്തീകരിക്കാൻ കഴിഞ്ഞതിൽ കൃതാർത്ഥതയുണ്ട്. ഇതിന്റെ പൂർത്തീകരണത്തിനായി അക്ഷീണം പ്രവർത്തിച്ച ഏവരെയും നന്ദിയോടെ സ്മരിക്കട്ടെ.

നമ്മുടെ കുട്ടികളുടെയും യുവജനങ്ങളുടെയും മുതിർന്നവരുടെയും വിശ്വാസവളർച്ചയ്ക്ക് ഈ പാഠപുസ്തകങ്ങൾ ഉപകരിക്കുമെന്ന പ്രത്യാശയോടെ സർവജനസമക്ഷം ഇവ സമർപ്പിക്കുന്നു.



*+ ആർച്ച്ബിഷപ്പ് സൂസപാക്യം*

ചെയർമാൻ, ബൈബിൾ-മതബോധന കമ്മീഷൻ

കെ.ആർ.എൽ.സി.ബി.സി., തിരുവനന്തപുരം

മെയ് 1, 2007

## കൃതജ്ഞത

"പിതാവിൻ പക്കലേക്ക്," "ക്രിസ്തുവിന്റെ പിന്നാലെ" എന്നീ ശീർഷകങ്ങളിൽ എറണാകുളം പി.ഒ.സി. പ്രസിദ്ധീകരിച്ച വിശ്വാസപരിശീലനപാഠാവലിയുടെ തുടർച്ചയെന്നോണമാണ് "ആത്മാവിന്റെ നിറവിൽ" എന്ന പേരിൽ കേരള ലത്തീൻ കത്തോലിക്കാസഭയ്ക്കുവേണ്ടിയുള്ള മതപഠനപുസ്തകങ്ങൾ കെ.ആർ.എൽ.സി.ബി.സി. മതബോധനകമ്മീഷൻ പ്രസിദ്ധീകരിക്കുന്നത്.

കേരള ലത്തീൻ കത്തോലിക്കാസഭയ്ക്കു വേണ്ടി തനതായ വിശ്വാസപരിശീലനപാഠാവലി തയ്യാറാക്കുന്നതിന്റെ ഒരുക്കമായി Come, See and Abide എന്ന പേരിൽ ഒരു മതബോധന ഡയറക്ടറി പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത ഡയറക്ടറിയുടെ അടിസ്ഥാനത്തിലാണ് ഒന്നു മുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസ്സുകൾക്കുള്ള വിശ്വാസപരിശീലനപാഠാവലി തയ്യാറാക്കിയത്. മൂന്നു ഘട്ടങ്ങളിലായാണ് പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നത്. ഒന്നുമുതൽ മൂന്നുവരെ ക്ലാസ്സുകളിലെ പുസ്തകങ്ങൾ ഒന്നാം ഘട്ടത്തിലും നാലു മുതൽ ഏഴുവരെയും എട്ടു മുതൽ പന്ത്രണ്ടുവരെയുമുള്ള ക്ലാസ്സുകളിലെ പുസ്തകങ്ങൾ മൂന്നും നാലും ഘട്ടങ്ങളിലുമായും പ്രസിദ്ധീകരിക്കുന്നു.

ധാരാളംപേരുടെ ആത്മാർത്ഥമായ സഹകരണത്തിന്റെയും പ്രോത്സാഹനത്തിന്റെയും ഫലമാണ് ഈ പാഠപുസ്തകങ്ങൾ. കമ്മീഷന്റെ വിലപ്പെട്ട ഈ ഉദ്യമത്തിന് ആവശ്യമായ എല്ലാവിധ പ്രോത്സാഹനങ്ങളും നൽകുകയും തയ്യാറാക്കിയ പുസ്തകങ്ങൾ അംഗീകരിച്ച് പ്രസിദ്ധീകരണാനുമതി നൽകുകയും ചെയ്ത കേരള ലത്തീൻ കത്തോലിക്കാസഭയിലെ എല്ലാ അഭിവന്ദ്യ മെത്രാന്മാർക്കും സ്നേഹപൂർവം നന്ദി പറയുന്നു. കെ.ആർ.എൽ.സി.ബി.സി.ക്കുവേണ്ടി പുസ്തകങ്ങൾ വേണ്ടവിധം പരിശോധിച്ച് ആവശ്യമായതിരുത്തലുകൾ നല്കിയ ബിഷപ്പ് സ്റ്റാൻലി റോമൻ, ബിഷപ്പ് ജോസഫ് കരിയിൽ, ബിഷപ്പ് വർഗീസ് ചക്കാലക്കൽ, ബിഷപ്പ് ജോസഫ് കളത്തിപറമ്പിൽ എന്നീ അഭിവന്ദ്യപിതാക്കന്മാർക്ക് പ്രത്യേകം നന്ദി. മതബോധന കമ്മീഷന്റെ എല്ലാ പ്രവർത്തനങ്ങളോടും ആത്മാർത്ഥമായി സഹകരിക്കുകയും അക്ഷീണം പ്രയത്നിക്കുകയും ചെയ്യുന്ന എല്ലാ മതബോധന ഡയറക്ടർമാരെയും റിസോഴ്സ് ടീം അംഗങ്ങളെയും റവ. സി. പോളറ്റ് CTC യെയും നന്ദിയോടെ സ്മരിക്കുന്നു.

ഒന്നു മുതൽ മൂന്നുവരെയുള്ള പാഠപുസ്തകങ്ങളുടെ രചനയ്ക്ക് തനതായ സംഭാവനകൾ നൽകിയ ശ്രീ. സിപ്പി പള്ളിപ്പുറത്തോടുള്ള നന്ദി നിസ്സീമമാണ്. തയ്യാറാക്കിയ പുസ്തകങ്ങളുടെ ഭാഷാശുദ്ധി പരിശോധിച്ച ഡോ. പ്രീമൂസ് പെരിഞ്ചേരിക്കും കമ്പ്യൂട്ടർ ലേ ഔട്ടും ഗ്രാഫിക്സും നിർവഹിച്ച ശ്രീ. ലാജൻ ഒറാക്കിളിനും പ്രിന്റിങ് നിർവ്വഹിച്ച തിരുവനന്തപുരം സെന്റ് ജോസഫ്സ് പ്രസ്സ് അംഗങ്ങൾക്കും ഹൃദയപൂർവം നന്ദി പറയുന്നു.

*ഡോ. സ്റ്റാൻലി മാതിരപ്പിള്ളി*

സെക്രട്ടറി, ബൈബിൾ-മതബോധന കമ്മീഷൻ

കെ.ആർ.എൽ.സി.ബി.സി., ആശീർഭവൻ, കൊച്ചി

മെയ് 1, 2007

# ഉള്ളടക്കം


1. ഏദൻ തോട്ടം ........ 7
2. വിലക്കപ്പെട്ട കനി ........ 12
3. പാപം മൂലം നഷ്ടമായ പറുദീസ........ 17
4. സദ്‌വാർത്ത ........ 22
5. രക്ഷകന്റെ വരവ് ........ 28
6. ബാലനായ ഈശോ........ 34
7. ഈശോയും കുഞ്ഞുങ്ങളും........ 40
8. ഈശോയുടെ അത്ഭുതങ്ങൾ........ 46
9. ഈശോയുടെ ഉപമകൾ ........ 53
10. ഈശോ നമുക്കായി മരിച്ചു ........ 59
11. ഈശോ ഉയിർത്തെഴുന്നേറ്റു ........ 67
12. ഈശോയുടെ സ്വർഗാരോഹണം ........ 72

**ഉണ്ണീശോയുടെ ചെറുപുഷ്പം** ........ 77

# 1 ഏദൻ തോട്ടം

ദൈവമാണ് എല്ലാം സൃഷ്ടിച്ചത്. എല്ലാ സൃഷ്ടികൾക്കും ഒടുവിലായി ദൈവം മനുഷ്യനെ സൃഷ്ടിച്ചു. മനുഷ്യനെ അവിടന്ന് പുരുഷനും സ്ത്രീയുമായാണ് സൃഷ്ടിച്ചത്. പുരുഷന് ആദം എന്നും സ്ത്രീക്ക് ഹവ്വാ എന്നും പേരിട്ടു.

ആദത്തിനും ഹവ്വായ്ക്കും വേണ്ടി ദൈവം ഏദനിൽ ഒരു തോട്ടമുണ്ടാക്കി. പുഞ്ചിരിച്ചു നില്ക്കുന്ന ലില്ലിപ്പൂക്കളും പഴുത്തു തുടുത്ത മുന്തിരിക്കുലകളും വാലുകുലുക്കിപ്പായുന്ന അണ്ണാറക്കണ്ണനുമെല്ലാം നിറഞ്ഞ അതിസുന്ദരമായൊരു പൂന്തോട്ടം.
അതിന് മറ്റൊരു പേരുകൂടി ഉണ്ടായിരുന്നു.
എന്തെന്നോ; പറുദീസ.



താൻ സൃഷ്ടിച്ച ഏദൻതോട്ടം
ദൈവം മനുഷ്യനെ ഏല്പിച്ചു.
പരിപാവനമായ ഏദൻതോട്ടത്തിൽ ആദവും ഹവ്വായും
ദൈവത്തോടൊപ്പം സുഖമായി ജീവിച്ചു.

---

ആദത്തെയും ഹവ്വായെയും ദൈവം തന്റെ സ്വന്തം
ഛായയിലാണു സൃഷ്ടിച്ചത്.

**ആദവും ഹവ്വായുമാണ്**
**നമ്മുടെ ആദിമാതാപിതാക്കൾ.**

---

**എല്ലാറ്റിനെയും സൃഷ്ടിച്ചത് ദൈവമാണ്.**
**മനുഷ്യനെ സൃഷ്ടിച്ചതും ദൈവമാണ്.**
**ആദവും ഹവ്വായുമാണ് ആദിമാതാപിതാക്കൾ.**
**ദൈവമാണ് അവരെ സൃഷ്ടിച്ചത്.**
**ആദവും ഹവ്വായും ഏദൻതോട്ടത്തിൽ**
**ദൈവത്തോടൊപ്പം സന്തോഷത്തോടെ**
**ജീവിച്ചു.**



**നമുക്കും ദൈവത്തോടൊപ്പം ആയിരിക്കാം;**
**സന്തോഷത്തോടെ ജീവിക്കാം.**



## നമുക്കുപാടാം

ആകാശപ്പന്തലു തീർത്തതാര്?
സ്നേഹപിതാവായ ദൈവമല്ലോ.

അമ്പിളിക്കിണ്ണം മെനഞ്ഞതാര്?
അൻപെഴും നമ്മുടെ ദൈവമല്ലോ.

മയിലിന്റെ പൂംപീലി നെയ്തതാര്?
മഴവില്ലുതീർക്കുന്ന ദൈവമല്ലോ.

മധുരമീലോകം ചമച്ചതാര്?
സ്നേഹസ്വരൂപനാം ദൈവമല്ലോ.





| ചേരുംപടി ചേർക്കുക | | |
|---|---|---|
| ആദിപിതാവ് | | പറുദീസ |
| ഏദൻ തോട്ടം | | സ്രഷ്ടാവ് |
| ആദിമാതാവ് | | ആദം |
| ദൈവം | | ഹവ്വാ |

## ചിത്രം പൂർത്തിയാക്കി നിറം കൊടുക്കാം





**നമുക്കു ദൈവവചനം ഓർമ്മിക്കാം**

ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു (ഉത്പ. 1:27).



## നമുക്കു പ്രാർത്ഥിക്കാം

പ്രപഞ്ചസ്രഷ്ടാവായ ദൈവമേ,
അങ്ങേക്ക് ഞങ്ങൾ നന്ദിപറയുന്നു.

## നമുക്കു പ്രതിജ്ഞചെയ്യാം

ദൈവം നല്കിയ കഴിവുകൾ ഉപയോഗപ്പെടുത്തി ഞാൻ എന്റെ വീട്ടുവളപ്പിൽ ഒരു പൂന്തോട്ടം ഉണ്ടാക്കും.



## സത്പ്രവൃത്തികൾ ശീലിക്കുക

ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെക്കുറിച്ച് ഞാൻ കൂട്ടുകാരോടു പറയും.

## ഉത്തരം കണ്ടെത്താം

1. ആദിമാതാപിതാക്കൾ ആരെല്ലാം?
2. ആർക്കു വേണ്ടിയാണ് ദൈവം ഏദൻതോട്ടം ഒരുക്കിയത്?
3. നമ്മെ സൃഷ്ടിച്ചതാര്?
4. ഏദൻതോട്ടത്തിന്റെ മറ്റൊരു പേരെന്താണ്?
5. ആരുടെ ഛായയിലാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്?

# 2 വിലക്കപ്പെട്ട കനി



ഏദൻതോട്ടത്തിലെങ്ങും സന്തോഷം തിരതല്ലി. കുയിലുകൾ കുഴലുവിളിച്ചു. മയിലുകൾ പീലിവിരുത്തിയാടി. കടുവാക്കുട്ടികളും കലമാൻകുഞ്ഞുങ്ങളും സ്നേഹത്തോടെ ഒരുമിച്ച് കളിച്ചുല്ലസിച്ചു. ആദത്തിന്റെയും ഹവ്വായുടെയും സന്തോഷത്തിന് അതിരില്ലായിരുന്നു

തിന്നാൻ തേനൂറുന്ന കായ്കനികൾ!.........
നുണയാൻ മധുരമുള്ള പൂന്തേൻ!.........
കളിയാടാൻ വള്ളിയൂഞ്ഞാൽ!.........
ഇങ്ങനെ അവർക്കു വേണ്ടതെന്തും അവിടെ ഉണ്ടായിരുന്നു. ദൈവമാണ് അവർക്കു വേണ്ടതെല്ലാം നല്കിയത്. തോട്ടത്തിന്റെ നടുവിൽ രണ്ടു വൃക്ഷങ്ങൾ നിന്നിരുന്നു: ഒന്നു ജീവന്റെ വൃക്ഷവും മറ്റൊന്ന് അറിവിന്റെ വൃക്ഷവും. അതിൽ രണ്ടാമത്തേതു ചൂണ്ടിക്കാണിച്ചുകൊണ്ട് ദൈവം പറഞ്ഞു : "ഇത് നന്മതിന്മകളുടെ വൃക്ഷമാണ് ....... ഇതിന്റെ പഴം മാത്രം നിങ്ങൾ തിന്നരുത്. മറ്റുള്ളതെല്ലാം നിങ്ങൾക്ക് വേണ്ടുവോളം ആസ്വദിക്കാം."

എന്നാൽ, ആദവും ഹവ്വായും വിലക്കപ്പെട്ട കനി തിന്നു. അങ്ങനെ അവർ ദൈവത്തിനെതിരേ പാപം ചെയ്തു.



**ദൈവകല്പനകളുടെ ലംഘനമാണ് പാപം.**

**ദൈവത്തിന്റെ സ്നേഹം നിരസിക്കുന്നത് പാപമാണ്.**

ആദിമാതാപിതാക്കൾ അറിവിന്റെ വൃക്ഷത്തിലെ ഫലം തിന്ന് ദൈവകല്പന ലംഘിച്ചു. അങ്ങനെ അവർ പാപം ചെയ്തു. സാത്താനാണ് അവരെ പാപത്തിൽ വീഴ്ത്തിയത്.

**പാപം ചെയ്യുന്നതുവഴി നാം ദൈവസ്നേഹം നിരസിക്കുന്നു;**

**ദൈവത്തിൽ നിന്ന് അകലുന്നു.**



**നമുക്ക് ദൈവത്തെ അനുസരിക്കാം.**

**പാപത്തിൽനിന്ന് അകന്നുനില്ക്കാം.**

## നമുക്കുപാടാം



അനുസരിച്ചു വളരണം
അരുമയായി വളരണം
നാടിനായി നന്മചെയ്ത്
നല്ല മക്കളാകണം

എളിമയോടെ വളരണം
തെളിമയോടെ വളരണം
കരുണതൻ വിളക്കുമായി
മുന്നിലേക്കു നീങ്ങണം.

## ഉത്തരം കണ്ടെത്താം

1. ഏദൻതോട്ടത്തിൽ സന്തോഷത്തോടെ കഴിഞ്ഞവർ ആരെല്ലാം?
2. തോട്ടത്തിന്റെ നടുവിൽ നിന്ന വൃക്ഷങ്ങൾ ഏതെല്ലാം?
3. ആദത്തെയും ഹവ്വായെയും വഴിതെറ്റിച്ചതാര്?
4. ആദവും ഹവ്വായും എന്താണു തിന്നത്?
5. പാപം എന്നാലെന്ത്?
6. പാപം ചെയ്യുമ്പോൾ നാം ആരിൽ നിന്നാണ് അകലുന്നത്?

**ആരെയെല്ലാം അനുസരിക്കും?**
**(ചേരുംപടി ചേർത്തുനോക്കൂ)**

ഞാൻ

- അമ്മയെ
- സാത്താനെ
- അപ്പനെ
- ഗുരുവിനെ
- വൈദികനെ
- മുതിർന്നവരെ

അനുസരിക്കും

## ചിത്രം നോക്കി കഥപറയാം



## പൂരിപ്പിക്കാം

**ദൈവം നമ്മിലേക്കുവരുന്ന വഴികൾ ഏതെല്ലാമെന്ന് എഴുതുക**

1. മാതാപിതാക്കളിലൂടെ

2.................................................................................................................................

3.................................................................................................................................

4.................................................................................................................................

5.................................................................................................................................



## നമുക്കു ദൈവവചനം ഓർമ്മിക്കാം

"ഒരു മനുഷ്യൻമൂലം പാപവും പാപംമൂലം മരണവും ലോകത്തിൽ പ്രവേശിച്ചു"

(റോമ. 5:12).



## നമുക്കു പ്രാർത്ഥിക്കാം

ദൈവമേ, അങ്ങയെ അനുസരിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അങ്ങയുടെ കല്പനകളനുസരിച്ച് സ്നേഹത്തിൽ വളരാൻ ഞങ്ങളെ സഹായിക്കണമേ.



## നമുക്കു പ്രതിജ്ഞചെയ്യാം

ദൈവമാണ് എന്നെ സൃഷ്ടിച്ചത്. ഞാൻ ദൈവത്തിന്റെ വാക്കുകൾ അനുസരിച്ചു ജീവിക്കും.

## സത്പ്രവൃത്തികൾ ശീലിക്കുക

രാവിലെ ഉണരുമ്പോൾ ദൈവത്തെ സ്തുതിക്കുക.

## ദൈവകല്പനകൾ പത്ത്

1. നിന്റെ കർത്താവായ ദൈവം ഞാനാകുന്നു. ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്.
2. ദൈവത്തിന്റെ തിരുനാമം വൃഥാ പ്രയോഗിക്കരുത്.
3. കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം.
4. മാതാപിതാക്കന്മാരെ ബഹുമാനിക്കണം.
5. കൊല്ലരുത്.
6. വ്യഭിചാരം ചെയ്യരുത്.
7. മോഷ്ടിക്കരുത്.
8. കള്ളസാക്ഷി പറയരുത്.
9. അന്യന്റെ ഭാര്യയെ മോഹിക്കരുത്.
10. അന്യന്റെ വസ്തുക്കൾ മോഹിക്കരുത്.

**ഈ പത്തു കല്പനകൾ രണ്ടു കല്പനകളിൽ സംഗ്രഹിക്കാം**

**1. എല്ലാറ്റിനും ഉപരിയായി ദൈവത്തെ സ്നേഹിക്കണം.**

**2. തന്നെപ്പോലെ മറ്റുള്ളവരെയും സ്നേഹിക്കണം.**

# 3 പാപം മൂലം നഷ്ടമായ പറുദീസ



ഒരു ദിവസം ആദത്തെയും
ഹവ്വായെയും കാണാൻ ദൈവം
ഏദൻതോട്ടത്തിൽ ചെന്നു.
ദൈവത്തിന്റെ കാലൊച്ചകേട്ട് അവർ
നടുങ്ങി. പാപം ചെയ്തതിനാൽ
അവർക്ക് ദൈവത്തിന്റെ മുമ്പിൽ വരാൻ
പേടിയായി. അവർ തോട്ടത്തിലെ
മരങ്ങൾക്കിടയിൽ ഒളിച്ചിരുന്നു.
അവർക്ക് നാണം അനുഭവപ്പെട്ടു.
അത്തിയിലകൾ തുന്നിക്കൂട്ടി
വസ്ത്രമുണ്ടാക്കി
അവർ നഗ്നത മറച്ചു.
ആദവും ഹവ്വായും തന്നിൽ നിന്ന്
അകന്നുപോയതിനാൽ
ദൈവം വല്ലാതെ വിഷമിച്ചു.
അനുസരണക്കേടു കാണിച്ച
ആദത്തെയും ഹവ്വായെയും
ദൈവം ശിക്ഷിച്ചു.



ഏദൻതോട്ടത്തിൽ നിന്ന്
അവിടന്ന്
അവരെ പുറത്താക്കി.
അതോടെ അവരുടെ
സകല സൗഭാഗ്യങ്ങളും
നഷ്ടമായി.



ആദത്തോടും ഹവ്വാ
യോടും ദൈവത്തിന്
കരുണ തോന്നി.
അവിടന്ന് അവർക്ക് ഒരു
രക്ഷകനെ വാഗ്ദാനം
ചെയ്തു.

**ദൈവം സ്നേഹമുള്ള
പിതാവാണ്**

**അവിടന്ന് പാപികളെ
വെറുക്കുന്നില്ല**



പാപം ചെയ്യുന്ന മനുഷ്യൻ ദൈവത്തിൽ നിന്ന് ഓടിയൊളിക്കുന്നു. മനുഷ്യൻ ദൈവത്തിൽനിന്ന് അകലുമ്പോൾ ദൈവം വേദനിക്കുന്നു. മനുഷ്യനെത്തേടി ദൈവം എത്തുന്നു. അവനോട് കരുണ കാണിക്കുന്നു. പാപത്തിൽ നിന്ന് ദൈവം മനുഷ്യനെ രക്ഷിക്കുന്നു. നമുക്ക് പാപത്തിൽ നിന്ന് ഓടിയകലാം. ദൈവത്തോടു ചേർന്നു നില്ക്കാം.



## നമുക്കുപാടാം

അരുതേ അരുതേ ചങ്ങാതികളേ
അരുതേ പാപം ചെയ്യരുതേ
അനുസരണത്തിൻപാതയിൽ നിന്നും
അകന്നുമാറിപ്പോകരുതേ!

ആദത്തിന്നും ഹവ്വാമ്മയ്ക്കും
ഏദനിൽ വച്ചേ വഴി തെറ്റി
അതിനാൽ ദൈവം രണ്ടാളേയും
ഏദനിൽ നിന്നു പുറത്താക്കി!

## ഉത്തരം കണ്ടെത്താം

1. ആദത്തെയും ഹവ്വായെയും കാണാൻ തോട്ടത്തിൽ ചെന്നതാര്?
2. ആദവും ഹവ്വായും ദൈവത്തിന്റെ മുമ്പിൽ വരാൻ ഭയപ്പെട്ടു. കാരണമെന്ത്?
3. ആദവും ഹവ്വായും ഒളിച്ചതെവിടെ?
4. പാപം ചെയ്തശേഷം ആദത്തിനും ഹവ്വായ്ക്കും അനുഭവപ്പെട്ടതെന്ത്?
5. ആദവും ഹവ്വായും എന്തു വസ്ത്രമാണ് ഉണ്ടാക്കി ധരിച്ചത്?
6. ദൈവത്തിന് സങ്കടം തോന്നാൻ കാരണമെന്ത്?
7. ദൈവം ആദത്തെയും ഹവ്വായെയും ശിക്ഷിച്ചതെന്തിന്?
8. ആദത്തിനും ഹവ്വായ്ക്കും ദൈവം നല്കിയ വാഗ്ദാനമെന്ത്?

## ശരിയായ വഴി കണ്ടെത്താം



## പദസഞ്ചികയിൽനിന്ന് തിരഞ്ഞെടുത്തെഴുതുക

ദൈവത്തിന് ഇഷ്ടപ്പെട്ട കാര്യങ്ങൾ തിരഞ്ഞെടുത്ത് ഇടത്തെ പദചക്രത്തിൽ എഴുതണം. സാത്താന് ഇഷ്ടപ്പെട്ടവ വലത്തെ പദചക്രത്തിൽ എഴുതുക. പദസഞ്ചികയിൽ നിന്നാണ് വാക്കുകൾ കണ്ടുപിടിക്കേണ്ടത്.

| ദൈവം |
|---|
| |
| |
| |
| |
| |
| |
| |
| |
| |

പദസഞ്ചിക

| | |
|---|---|
| ചതി | ദയ |
| ശാന്തി | കോപം |
| സ്നേഹം | വെറുപ്പ് |
| അസൂയ | ഉപകാരം |
| അനുസരണം | പാപം |
| സമാധാനം | അനീതി |
| അക്രമം | ഒരുമ |
| സ്വാർത്ഥത | എളിമ |
| വിശുദ്ധി | അശുദ്ധി |

| സാത്താൻ |
|---|
| |
| |
| |
| |
| |
| |
| |
| |
| |



## നമുക്കു ദൈവവചനം ഓർമ്മിക്കാം

"കർത്താവ് നല്ലവനാണ്. അവിടത്തെ കാരുണ്യം ശാശ്വതമാണ്. അവിടത്തെ വിശ്വസ്തത തലമുറകളോളം നിലനില്ക്കും" (സങ്കീ. 100:5).

## നമുക്കു പ്രാർത്ഥിക്കാം

ഒരു രക്ഷകനെ അയച്ച് ഞങ്ങളെ രക്ഷിക്കാമെന്നു വാഗ്ദാനംചെയ്ത ദൈവമേ, അങ്ങേക്കു നന്ദി.





## നമുക്കു പ്രതിജ്ഞയെടുക്കാം

എന്നോട് ദൈവം കരുണകാണിക്കുന്നതുപോലെ ഞാൻ മറ്റുള്ള എല്ലാവരോടും കരുണ കാണിക്കും.

## സത്പ്രവൃത്തികൾ ശീലിക്കുക

മാതാപിതാക്കളെയും വൈദികരെയും സിസ്റ്റേഴ്സിനെയും അധ്യാപകരെയും മുതിർന്നവരെയും എപ്പോഴും ബഹുമാനിക്കുക.

# 4 സദ്‌വാർത്ത

ആദത്തിനും ഹവ്വായ്ക്കും രക്ഷകനെ കാണാനായില്ല. അവരുടെ സന്തതികൾ ഭൂമിയിലെമ്പാടും നിറഞ്ഞു. തിന്മകൾ നാടെങ്ങും പെരുകി. കളവും ചതിവും കാപട്യവും കൊണ്ട് ജനങ്ങൾ പൊറുതിമുട്ടി.

ലോകം ഒരു രക്ഷകന്റെ വരവിനായി പ്രത്യാശയോടെ കാത്തിരുന്നു. തന്റെ പുത്രനെ ലോകത്തിലേക്കയയ്ക്കാൻ ദൈവം തീരുമാനിച്ചു.



ഒരു ദിവസം ദൈവം ഗബ്രിയേൽ മാലാഖയെ നസ്രത്തിലെ ഒരു കന്യകയുടെ പക്കലേക്ക് അയച്ചു. മറിയം എന്നായിരുന്നു അവളുടെ പേര്. ദാവീദിന്റെ വംശത്തിൽപ്പെട്ട യൗസേപ്പുമായി അവളുടെ വിവാഹം നിശ്ചയിക്കപ്പെട്ടിരുന്നു.

മറിയം പ്രാർത്ഥനയിൽ മുഴുകിയിരുന്ന സമയത്താണ് ഗബ്രിയേൽ മാലാഖ അവിടെ എത്തിയത്. ആ നിമിഷം മുറിയിലെമ്പാടും ഒരു പൊൻപ്രകാശം പരന്നു.

“ദൈവകൃപ നിറഞ്ഞവളേ, സ്വസ്തി. കർത്താവ് നിന്നോടുകൂടെ.”

മാലാഖ മറിയത്തോടു പറഞ്ഞു.

മറിയം അസ്വസ്ഥയായി.

മാലാഖ മറിയത്തെ സമാധാനിപ്പിച്ചുകൊണ്ടുപറഞ്ഞു:

“മറിയമേ, നീ ഭയപ്പെടേണ്ട. ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരിടണം. അവൻ വലിയവനായിരിക്കും. അത്യുന്നതന്റെ പുത്രൻ എന്നുവിളിക്കപ്പെടും.”

മാലാഖയുടെ വാക്കുകേട്ട് മറിയം പറഞ്ഞു:

“ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!” ഉടനെ മാലാഖ മറിയത്തിന്റെ മുന്നിൽ നിന്നു മറഞ്ഞു. (ലൂക്ക 1:26-38)





**ദൈവം രക്ഷകനായി ഭൂമിയിൽ പിറക്കും എന്ന വാർത്തയാണ് മംഗളവാർത്ത.**

**ഗബ്രിയേൽ ദൂതനാണ് ഈ വാർത്ത മറിയത്തെ അറിയിച്ചത്.**





രക്ഷകന്റെ മാതാവാകാൻ തിരഞ്ഞെടുക്കപ്പെട്ട മറിയം ഭാഗ്യവതിയാണ്. വിശ്വാസവും വിനയവുമാണ് മറിയത്തെ അതിനു യോഗ്യയാക്കിയത്. ആദത്തോടും ഹവ്വായോടും ദൈവം പറഞ്ഞ വാക്കുകൾ നിങ്ങൾ മറന്നോ? മനുഷ്യർക്കായി ഒരു രക്ഷകനെ അയ്ക്കാമെന്ന് അവിടന്ന് വാഗ്ദാനം ചെയ്തിരുന്നല്ലോ. ആ രക്ഷകന്റെ വരവിനെക്കുറിച്ചുള്ള വാർത്തയാണ് ഗബ്രിയേൽ മാലാഖ മറിയത്തെ അറിയിച്ചത്.

### നമുക്കുപാടാം

കേട്ടോ കേട്ടോ മംഗളവാർത്ത
കേട്ടോ നല്ലൊരു പുതുവാർത്ത!

മണ്ണിൽ വന്നു പിറന്നിടുമത്രേ
വിണ്ണിൽ നിന്നൊരു പൊന്നുണ്ണി!

പ്രത്യാശകളുടെ പൂക്കൂടയുമായ്
നമുക്കു നാഥനെ വരവേൽക്കാം

മണ്ണിൽ നിന്നും വിണ്ണിലിറങ്ങും
രക്ഷകനുണ്ണിയെ എതിരേല്ക്കാം



### ഉത്തരം കണ്ടെത്താം

1. ആദത്തിന്റെയും ഹവ്വായുടെയും കാലശേഷം ജനത്തിന്റെ അവസ്ഥ എന്തായിരുന്നു?
2. ദൈവം ആരെയാണ് നസ്രത്തിലേക്ക് അയച്ചത്?
3. യൗസേപ്പ് ആരുടെ വംശത്തിൽപ്പെട്ട ആളായിരുന്നു?
4. മാലാഖ മറിയത്തോടു പറഞ്ഞതെന്താണ്?

5. മാലാഖയുടെ വാക്കു കേട്ടപ്പോൾ മറിയത്തിന് എന്തു ഭാവമാറ്റമാണുണ്ടായത്?
6. മറിയത്തെ ആശ്വസിപ്പിക്കാൻ മാലാഖ എന്താണു പറഞ്ഞത്?
7. മാലാഖ പറഞ്ഞതിന് മറിയത്തിന്റെ പ്രതിവചനം എന്തായിരുന്നു?
8. മംഗളവാർത്ത എന്നാലെന്ത്?

## ചിത്രത്തിന് നിറം കൊടുക്കുക



## ചേരുംപടി ചേർക്കുക

| | | |
|---|---|---|
| ഗബ്രിയേൽ മാലാഖ | | യൗസേപ്പ് |
| മറിയം | | ദൈവദൂതൻ |
| ദാവീദ്വംശജൻ | | നസ്രത്തിലെ കന്യക |
| രക്ഷകൻ | | വചനം |
| മാംസം ധരിച്ചു | | യേശു |

## നമുക്കു ദൈവവചനം ഓർമ്മിക്കാം

മറിയം ദൂതനോടു പറഞ്ഞു: "ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ." ദൂതൻ മറുപടി പറഞ്ഞു: "പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. ആകയാൽ, ജനിക്കാൻപോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും" (ലൂക്ക 1:34-35).





## നമുക്കു പ്രതിജ്ഞചെയ്യാം

പരിശുദ്ധ മറിയത്തെപ്പോലെ എപ്പോഴും ദൈവത്തിന്റെ ഇഷ്ടം ഞാൻ നിറവേറ്റും.

## സത്പ്രവൃത്തികൾ ശീലിക്കുക

പരിശുദ്ധ മാതാവിന്റെ വിവിധചിത്രങ്ങൾ ശേഖരിച്ച് ഒരു ചെറിയ ആൽബം ഉണ്ടാക്കുക.

## ത്രിസന്ധ്യാജപം

കർത്താവിന്റെ മാലാഖ പരിശുദ്ധ മറിയ
ത്തോടു വചിച്ചു; പരിശുദ്ധാത്മാവാൽ
മറിയം ഗർഭം ധരിച്ചു (1 നന്മ)

ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനം
പോലെ എന്നിലാകട്ടെ (1 നന്മ)

വചനം മാംസമായി നമ്മുടെ ഇടയിൽ
വസിച്ചു (1 നന്മ)

ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക്
ഞങ്ങൾ യോഗ്യരാകുവാൻ;
സർവേശ്വരന്റെ പരിശുദ്ധമാതാവേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

## നമുക്കു പ്രാർത്ഥിക്കാം

സർവേശ്വരാ, മാലാഖയുടെ സന്ദേശത്താൽ
അങ്ങയുടെ പുത്രനായ ഈശോമിശിഹായുടെ
മനുഷ്യാവതാരവാർത്ത അറിഞ്ഞിരിക്കുന്ന
ഞങ്ങൾ അവിടത്തെ പീഡാനുഭവവും കുരി
ശുമരണവും മുഖേന ഉയിർപ്പിന്റെ മഹിമ
പ്രാപിക്കാൻ അനുഗ്രഹിക്കണമേ എന്ന്
ഞങ്ങളുടെ കർത്താവായ ഈശോമിശിഹാ
വഴി അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു,
ആമ്മേൻ.

3 ത്രിത്വസ്തുതി.

# 5 രക്ഷകന്റെ വരവ്

മഞ്ഞണിഞ്ഞ ഒരു രാത്രി. ബെത്‌ലെഹേം മലഞ്ചരിവുകളിൽ ഒരു കൂട്ടം ആട്ടിടയന്മാർ ഉറങ്ങുകയായിരുന്നു. പെട്ടെന്ന് ഒരു ദിവ്യപ്രകാശം കണ്ട് അവർ ഭയപ്പെട്ടു. അവർക്ക് ഒന്നും മനസ്സിലായില്ല.

കർത്താവിന്റെ ദൂതൻ അവരോടു പറഞ്ഞു:

**"ഭയപ്പെടേണ്ട. ഇതാ സകലജനത്തിനും വേണ്ടിയുള്ള മഹത്തായ സന്തോഷത്തിന്റെ വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ , കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു" (ലൂക്ക 2:10–11).**





ഒട്ടും താമസിയാതെ ഒരു കൂട്ടം മാലാഖമാർ
അവിടെ പറന്നെത്തി.
അവർ ദൈവത്തെ സ്തുതിച്ചു കൊണ്ടു പാടി:

**“അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം;
ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു
സമാധാനം!”**

ഇതായിരുന്നു
മാലാഖമാരുടെ
ഗാനത്തിന്റെ സന്ദേശം.

ആട്ടിടയന്മാർ അടക്കാനാവാത്ത സന്തോഷത്തോടെ
ശിശുവിനെ കാണാൻ പോയി.

അവർ ചെന്നെത്തിയത് ഒരു കാലിത്തൊഴുത്തിലായിരുന്നു. അവിടെ പുൽത്തൊട്ടിയിൽ കിടക്കുന്ന ദിവ്യശിശുവിനെ അവർ കണ്ടു. മണ്ണിൽ പതിച്ച ഒരു വെള്ളിനക്ഷത്രംപോലെ വിളങ്ങുന്ന പൊന്നുണ്ണി! ഉണ്ണിയുടെ അരികിൽ മാതാവായ മറിയവും പിതാവായ യൗസേപ്പും ഇരിക്കുന്നതും അവർ കണ്ടു. ഇടയന്മാർ ഉണ്ണീശോയെ കുമ്പിട്ടാരാധിച്ചു.

ദൈവത്തെ സ്തുതിച്ചുകൊണ്ട് അവർ തിരിച്ചുപോയി.

സർവജനത്തെയും അവർ ഈ സന്തോഷവാർത്ത അറിയിച്ചു.

# ഈശോ എന്ന പേരിന്റെ അർത്ഥം രക്ഷകൻ എന്നാണ്.

## ദൈവം അയയ്ക്കാമെന്നു വാഗ്ദാനം ചെയ്ത രക്ഷകനാണ് ഈശോ







രണ്ടായിരം വർഷങ്ങൾക്കു മുമ്പാണ് ഈശോ ജനിച്ചത്. ഈശോയുടെ പിറവിത്തിരുനാളാണ് ക്രിസ്മസ്. നാം ഡിസംബർ 25-നാണ് ക്രിസ്മസ് കൊണ്ടാടുന്നത്. എമ്മാനുവേൽ എന്ന് ഈശോ വിളിക്കപ്പെട്ടു. 'ദൈവം നമ്മോടുകൂടെ' എന്നാണ് ആ പേരിന്റെ അർത്ഥം. ദൈവം മനുഷ്യനായി അവതരിച്ച ക്രിസ്മസ് നമുക്ക് നന്നായി കൊണ്ടാടാം. ദൈവം എല്ലാ സമയത്തും നമ്മുടെ കൂടെ വസിക്കുന്നു.

### നമുക്കുപാടാം

പാതിരാപ്പൂങ്കോഴി കൂവി - ചുറ്റും
പാതിരാപ്പക്ഷികൾ പാടി
നീലവിരിപ്പിട്ട വാനിൽ - നീളെ
താരകൾ കൺചിമ്മി നിന്നു
പെട്ടെന്നു വാനിൻനടുവിൽ - ദിവ്യ
നക്ഷത്രമൊന്നു വിരിഞ്ഞു
കാലിത്തൊഴുത്തിൻനടുവിൽ -ദിവ്യ
രക്ഷകൻ വന്നു പിറന്നു!
പാരിന്റെ കണ്ണീർ തുടയ്ക്കാൻ - മണ്ണിൽ
ഉണ്ണിമിശിഹാ പിറന്നു

## ഉത്തരം കണ്ടെത്താം

1. എവിടെയാണ് ഈശോ പിറന്നത്?
2. മാലാഖമാർ പ്രത്യക്ഷപ്പെട്ടപ്പോൾ ഇടയന്മാർക്ക് എന്തു തോന്നി?
3. മാലാഖമാർ ഇടയന്മാർക്കുനല്കിയ സന്ദേശമെന്തായിരുന്നു?
4. ബെത്‌ലെഹേമിൽ എത്തിയ ഇടയന്മാർ എന്തു കണ്ടു?
5. ഉണ്ണിയെ ആരാധിച്ചു മടങ്ങിയ ഇടയന്മാർ എന്തു ചെയ്തു?

## പുൽക്കൂട്ടിലേക്കുള്ള വഴികണ്ടെത്താം





## അഭിനയിച്ചു കാണിക്കാമോ?

ഉണ്ണിയെ കാണാൻ ബെത്‌ലെഹേമിൽ നിന്ന് മൂന്നു ജ്ഞാനികൾ വരുന്നു. ചക്രവർത്തിയായ ഹെറോദേസിന്റെ കൊട്ടാരത്തിലെത്തി അവർ ഉണ്ണിയെക്കുറിച്ചുള്ള കാര്യങ്ങളെല്ലാം വെളിപ്പെടുത്തുന്നു. ജെറുസലേമിലെ രാജാവാകാനുള്ള കുഞ്ഞാണു പിറന്നിരിക്കുന്നത് എന്നു കേട്ടപ്പോൾ ചക്രവർത്തി അസ്വസ്ഥനാകുന്നു. ഉണ്ണിയെ കൊല്ലാൻ കല്പിക്കുന്നു. യൗസേപ്പും മറിയവും ഉണ്ണിയേശുവിനെയും കൊണ്ട് ഈജിപ്തിലേക്ക് രക്ഷപ്പെടുന്നു.

(മത്താ. 2:1-5 കാണുക)

## പദസൂര്യൻ പൂർത്തിയാക്കാം

ക്രിസ്മസുമായി ബന്ധപ്പെട്ട പദങ്ങൾ എഴുതി പദസൂര്യൻ പൂർത്തിയാക്കുക





## നമുക്കു ദൈവവചനം ഓർമ്മിക്കാം

"ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്ന് ജനിച്ചിരിക്കുന്നു"

(ലൂക്ക 2:11).



## നമുക്കു പ്രാർത്ഥിക്കാം

പുൽക്കൂട്ടിൽ പിറന്ന ഉണ്ണീശോയേ, മറ്റുള്ളവർക്ക് നന്മ ചെയ്തു ജീവിക്കാൻ എന്നെ പഠിപ്പിക്കണമേ.



## നമുക്കു പ്രതിജ്ഞചെയ്യാം

ഈശോയ്ക്കു പിറക്കാൻ ആരും ഇടം കൊടുത്തില്ല. എന്നാൽ, എന്നോട് സഹായം ചോദിക്കുന്നവരെ ഞാൻ സഹായിക്കും.

## സത്പ്രവൃത്തികൾ ശീലിക്കുക

വിശക്കുന്ന കുട്ടിയുമായി എന്റെ ആഹാരം പങ്കുവയ്ക്കും.

# 6 ബാലനായ ഈശോ

**ഗലീലിയിലെ നസ്രത്ത് എന്ന പട്ടണത്തിലാണ് ഈശോ വളർന്നത്.**

മാതാവായ മറിയത്തെയും വളർത്തുപിതാവായ യൗസേപ്പിനെയും ഈശോ എപ്പോഴും അനുസരിച്ചു.

ഈശോ, മാതാവിനെ വീട്ടുജോലികളിൽ സഹായിച്ചു. മരപ്പണിക്കാരനായ പിതാവിനോടൊപ്പം പണിചെയ്തു. വേദപുസ്തകം പഠിച്ചു. അയൽക്കാരെ സ്നേഹിച്ചു. എല്ലാവർക്കും നന്മമാത്രം ചെയ്തു. എല്ലാവരോടും സ്നേഹത്തോടെ പെരുമാറി. മാതാപിതാക്കളോടൊപ്പം നിത്യവും പ്രാർത്ഥിച്ചു.



പന്ത്രണ്ടു വയസ്സായപ്പോൾ ഒരു ദിവസം മാതാപിതാക്കളോടൊപ്പം പെസഹാത്തിരുനാളിനായി ജെറുസലേമിലേക്ക് ഈശോ പോയി. തിരുനാൾ കഴിഞ്ഞ് പോരുമ്പോൾ ഈശോയെ കാണാതെ മാതാപിതാക്കൾ വല്ലാതെ വിഷമിച്ചു. അവർ അവനെത്തേടി മൂന്നു ദിവസം നടന്നു. ജനക്കൂട്ടത്തിനിടയിലും പലവട്ടം തിരഞ്ഞു. പക്ഷേ, കണ്ടെത്താനായില്ല. ഒടുവിൽ യൗസേപ്പും മറിയവും ദേവാലയത്തിലേക്കു കയറിച്ചെന്നു. അപ്പോൾ കണ്ടതോ? തങ്ങളുടെ മകൻ അതാ, നിയമപണ്ഡിതന്മാരുടെ നടുവിലിരിക്കുന്നു. അവർ പറയുന്നതെല്ലാം അവൻ ശ്രദ്ധയോടെ കേൾക്കുന്നു. ഇടയ്ക്കിടെ അവരോട് ചോദ്യങ്ങൾ ചോദിക്കുന്നു!



ബാലനായ ഈശോയുടെ ബുദ്ധിശക്തിയും ഈശോയുടെ ജ്ഞാനവും അവരെ അത്ഭുതപ്പെടുത്തി. അമ്മ ഈശോയോടു ചോദിച്ചു : "മകനേ, നീ എന്താണിങ്ങനെ ചെയ്തത്? നിന്റെ പിതാവും ഞാനും വളരെ വിഷമിച്ചുപോയല്ലോ." ഈശോ പറഞ്ഞു: "അമ്മേ, നിങ്ങൾ എന്തിനെന്നെ അന്വേഷിച്ചു? ഞാൻ എന്റെ പിതാവിന്റെ കാര്യത്തിൽ വ്യാപൃതനായിരിക്കേണ്ടവനാണെന്ന് അറിഞ്ഞുകൂടേ?" പിന്നെ ഈശോ നസ്രത്തിൽ ചെന്ന് അവർക്കു കീഴ്‌വഴങ്ങി ജീവിച്ചു (ലൂക്ക 2:41-52).



**നസ്രത്തിൽ വളർന്നതുകൊണ്ടാണ് ഈശോയ്ക്ക് നസ്രായൻ എന്നു പേരു വന്നത്.**

**ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ ഈശോ വളർന്നു വന്നു.**



ഗലീലിയിലെ നസ്രത്തിൽ ഈശോ വളർന്നു. ദൈവപിതാവിന്റെ കാര്യങ്ങളിൽ ഈശോ എപ്പോഴും വ്യാപൃതനായിരുന്നു. ഈശോ മാതാപിതാക്കൾക്കു വിധേയനായി ജീവിച്ചു. ഈശോ ദൈവത്തിനും മനുഷ്യർക്കും പ്രിയപ്പെട്ടവനായിരുന്നു. ഈശോയെപ്പോലെ നമുക്കും ദൈവത്തിനും മാതാപിതാക്കൾക്കും മറ്റുള്ളവർക്കും ഇഷ്ടപ്പെട്ടവരായി ജീവിക്കാം.



## നമുക്കുപാടാം

വേലയെടുക്കാൻ മടിയില്ലാത്തൊരു
ബാലകനാണെൻ പൊന്നീശോ

പിതാവിനൊപ്പം പണിശാലകളിൽ
വിയർപ്പുതൂകി പൊന്നീശോ



മാതാവാകും മരിയാംബികയുടെ
പൊൻമകനാണീപ്പൊന്നീശോ

ഈശോ ചെയ്തതുമാതിരി നമ്മൾ
വീടിനെന്നും തുണയാകൂ.

## ഉത്തരം കണ്ടെത്താം

1. ഏതു പട്ടണത്തിലായിരുന്നു ഈശോയുടെ വീട്?
2. ഈശോ മാതാപിതാക്കളെ എങ്ങനെയാണു സഹായിച്ചത്?
3. ഏതു പ്രായത്തിലാണ് മാതാപിതാക്കൾ ഈശോയെ പെസഹാത്തിരുനാളിനു കൊണ്ടുപോയത്?
4. മറിയവും യൗസേപ്പും ദേവാലയത്തിൽ കണ്ട കാഴ്ച എന്തായിരുന്നു?
5. ദേവാലയത്തിൽ കൂടിയിരുന്നവർ അത്ഭുതപ്പെട്ടതെന്തുകൊണ്ട്?
6. എന്തുകൊണ്ടാണ് ഈശോയ്ക്ക് നസ്രായൻ എന്നു പേരുവന്നത്?

## ചിത്രം പൂർത്തിയാക്കാം

1 മുതൽ 21 വരെയുള്ള കുത്തുകൾ യോജിപ്പിക്കുമ്പോൾ ആരെയാണ് കാണുന്നത്?



## ശരിയായ ഉത്തരം കണ്ടെത്തി ഇലകളിൽ എഴുതുക




| | | |
|---|---|---|
| 1 | ദൈവം വസിക്കുന്ന ഇടം | പന്ത്രണ്ടാം വയസ്സ് |
| 2 | ഈശോ വളർന്ന പട്ടണം | യൗസേപ്പ് |
| 3 | മരപ്പണിക്കാരൻ | രക്ഷകൻ |
| 4 | ഈശോ എന്ന പേരിന്റെ അർത്ഥം | നസ്രത്ത് |
| 5 | ഈശോയെ കാണാതായി | ദേവാലയം |



## നമുക്കു ദൈവവചനം ഓർമ്മിക്കാം

“ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു” (ലൂക്ക 2:52).



## നമുക്കു പ്രാർത്ഥിക്കാം

പിതാവായ ദൈവമേ, മാതാപിതാക്കളെ അനുസരിച്ചും അവരെ സഹായിച്ചും നല്ല കുട്ടികളായി വളരാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.



## നമുക്കു പ്രതിജ്ഞചെയ്യാം

ഈശോയെപ്പോലെ ഞാനും ദിവസേന മാതാപിതാക്കളോടൊപ്പം കുടുംബപ്രാർത്ഥനയിൽ പങ്കെടുക്കും.

## സത്പ്രവൃത്തികൾ ശീലിക്കുക

വീട്ടുകാര്യങ്ങളിൽ മാതാപിതാക്കളെ സഹായിക്കുക.

7

# ഈശോയും കുഞ്ഞുങ്ങളും

ഈശോയ്ക്ക് കുഞ്ഞുങ്ങളെ ഏറെ ഇഷ്ടമായിരുന്നു. ഒരിക്കൽ കുറെ അമ്മമാർ തങ്ങളുടെ പൊന്നോമനകളെ ഈശോയുടെഅടുക്കൽ കൊണ്ടുവന്നു. അവിടന്ന് കൈകൾവച്ച് അനുഗ്രഹിക്കാൻ വേണ്ടിയാണ് അവർ അങ്ങനെ ചെയ്തത്.



അതു കണ്ടപ്പോൾ ഈശോയുടെ ശിഷ്യന്മാർ അവരെ തടഞ്ഞു. എന്നാൽ ശിഷ്യന്മാരെ തന്റെ അടുക്കലേക്കു വിളിച്ചിട്ട് ഈശോ പറഞ്ഞു: "ശിശുക്കൾ എന്റെ അടുത്തുവരാൻ അനുവദിക്കുവിൻ; അവരെ തടയരുത്. എന്തെന്നാൽ ദൈവരാജ്യം അവരെപ്പോലെയുള്ളവരുടേതാണ്. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ശിശുവിനെപ്പോലെ ദൈവരാജ്യം സ്വീകരിക്കാത്ത ആരും അതിൽ പ്രവേശിക്കുകയില്ല."

ഈശോ ശിശുക്കളെ എടുത്ത് അവരുടെ മേൽ കൈകൾ വ[illegible] അനു[illegible]ഗഹിച്ചു (മർക്കോ. 10:13-16).

**കർത്താവിന്റെ ദാനമാണ് മക്കൾ (സങ്കീ. 127:3).**

**കുഞ്ഞുമക്കളേ, നിങ്ങൾ ദൈവത്തിൽ നിന്നുള്ളവരാണ് (1 യോഹ. 4:4).**

**കുഞ്ഞുമക്കൾ ഉണ്ണീശോയെപ്പോലെ പൊന്നുണ്ണികളായി വളരണം**



മറ്റൊരിക്കൽ ശിഷ്യന്മാർ
ഈശോയെ സമീപിച്ചു ചോദിച്ചു:
"സ്വർഗരാജ്യത്തിൽ വലിയവൻ ആരാണ്? "
ഈശോ ഒരു ശിശുവിനെ വിളിച്ച് അവരുടെ മധ്യ
ത്തിൽ നിറുത്തിക്കൊണ്ടു പറഞ്ഞു:
"സത്യമായി ഞാൻ നിങ്ങളോടു പറയുന്നു,
നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെ
ആകുന്നില്ലെങ്കിൽ സ്വർഗരാജ്യത്തിൽ പ്രവേശിക്കുക
യില്ല. ഈ ശിശുവിനെപ്പോലെ
സ്വയം ചെറുതാകുന്നവനാണ്
സ്വർഗരാജ്യത്തിലെ ഏറ്റവും വലിയവൻ"
(മത്താ. 18:1-4).

## കുടുംബത്തെ പ്രകാശമാനമാക്കുന്ന കൊച്ചുനക്ഷത്രങ്ങളാണ് കുഞ്ഞുങ്ങൾ

നാടിനും വീടിനും ഉതകുന്ന കുട്ടികളായി നാം വളരണം. വെളിച്ചത്തിന്റെ വഴിയിലൂടെ മുന്നോട്ടു നീങ്ങാനാണ് നാം ശ്രമിക്കേണ്ടത്.
എന്താ? ലോകത്തിന് നുറുങ്ങുവെട്ടം സമ്മാനിക്കുന്ന മിന്നാമിന്നികളാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലേ?

കുഞ്ഞുന്നാൾ മുതൽ ഇത്തരം നല്ലശീലങ്ങളുടെ വേരുറപ്പിക്കാൻ നിങ്ങൾ പരിശ്രമിക്കണം

## നമുക്കു ദൈവവചനം ഓർമ്മിക്കാം



ഈശോ ഉദ്ഘോഷിച്ചു:

"സ്വർഗത്തിന്റെയും ഭൂമിയുടെയും നാഥനായ പിതാവേ, നീ ഇക്കാര്യങ്ങൾ ബുദ്ധിമാന്മാരിലും വിവേകികളിലും നിന്നു മറച്ച് ശിശുക്കൾക്കു വെളിപ്പെടുത്തിയതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു" (മത്താ. 11:25).

## നമുക്കുപാടാം



ഉണ്ണീശോ നല്ലൊരു കൂട്ടുകാരൻ
ഉണ്ണികൾ ഞങ്ങടെ കൂട്ടുകാരൻ

മണ്ണിനെ വിണ്ണാക്കും കൂട്ടുകാരൻ
കണ്ണിനും കണ്ണായ കൂട്ടുകാരൻ

ഉണ്ണീശോ നല്ലൊരു പാട്ടുകാരൻ
കണ്ണീരു മായ്ക്കുന്ന പാട്ടുകാരൻ

പാപങ്ങൾ നീക്കുന്ന പാട്ടുകാരൻ
പാവനസ്നേഹത്തിൻ പാട്ടുകാരൻ

## നമുക്കു പ്രാർത്ഥിക്കാം



കുഞ്ഞുങ്ങളുടെ കൂട്ടുകാരനായ ഈശോയേ, അറിവില്ലായ്മകൊണ്ട് ഞങ്ങൾ ചെയ്തു പോകുന്നതെല്ലാം പൊറുത്ത് അങ്ങ് ഞങ്ങളെ നേർവഴിക്കു നടത്തണമേ.



## നമുക്കു പ്രതിജ്ഞചെയ്യാം

ഉണ്ണീശോയുടെ കണ്ണിലുണ്ണിയായി അനുസരണ യുള്ള ഒരു കുഞ്ഞാടിനെപ്പോലെ ഞാൻ വളരും.

## ചിത്രത്തിനു നിറംകൊടുക്കാം



## സത്പ്രവൃത്തികൾ ശീലിക്കുക

അയൽപക്കത്തുള്ള കൂട്ടുകാരുമൊത്ത് നിറഞ്ഞ സ്നേഹത്തോടും അച്ചടക്കത്തോടും കൂടെ കളിക്കാനും ഇടപഴകാനും ശീലിക്കും.



## ആൽബം ഉണ്ടാക്കാം

ഉണ്ണീശോയുടെ പലതരത്തിലുള്ള ചിത്രങ്ങൾ ശേഖരിച്ച് ചെറിയൊരു ആൽബം ഉണ്ടാക്കുക.



## ഉത്തരം കണ്ടെത്താം

1. എന്തിനുവേണ്ടിയാണ് അമ്മമാർ കുഞ്ഞുങ്ങളെ ഈശോയുടെ പക്കൽ കൊണ്ടുവന്നത്?
2. ശിശുക്കളെ കണ്ടപ്പോൾ ഈശോയുടെ ശിഷ്യന്മാർ എന്തു ചെയ്തു?
3. ഈശോ ശിഷ്യന്മാരോട് പറഞ്ഞതെന്ത്?
4. കർത്താവിന്റെ ദാനമാണ് മക്കൾ എന്നു പറഞ്ഞിട്ടുള്ളത് ബൈബിളിലെ ഏതു ഭാഗത്താണ്?
5. കുടുംബം പ്രകാശമാനമാക്കുന്ന കൊച്ചുനക്ഷത്രങ്ങൾ ആരാണ്?
6. ഈശോ നമ്മെ പ്രത്യേകം ഓർമ്മിപ്പിക്കുന്നതെന്ത്?
7. "ശിശുവിനെപ്പോലെ ഏറ്റവും ചെറുതാകുന്നവനാണ് സ്വർഗത്തിലെ ഏറ്റവും വലിയവൻ"- എന്നു പറഞ്ഞതാര്?

# 8 ഈശോയുടെ അത്ഭുതങ്ങൾ

ലോകം അത്ഭുതങ്ങളുടെ കലവറയാണ്. ചന്ദ്രനും നക്ഷത്രങ്ങളും പൂക്കളും പൂമ്പാറ്റകളുമെല്ലാം ദൈവത്തിന്റെ അത്ഭുതം തന്നെ!

**ഈശോ ധാരാളം അത്ഭുതങ്ങൾ ചെയ്തു.**
**അത്ഭുതങ്ങളിലൂടെ താൻ ദൈവപുത്രനാണെന്ന് അവിടന്ന് ലോകത്തെ അറിയിച്ചു.**



ഒരിക്കൽ ഒരു കുഷ്ഠരോഗി ഈശോയുടെ അടുക്കൽ വന്നു. ഈശോയെ കുമ്പിട്ടു വണങ്ങിക്കൊണ്ടു പറഞ്ഞു: കർത്താവേ, അങ്ങേക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും. ഈശോ കൈനീട്ടി അയാളെ തൊട്ടുകൊണ്ടു പറഞ്ഞു: "എനിക്കു മനസ്സുണ്ട്. നിനക്ക് ശുദ്ധിയുണ്ടാകട്ടെ". അത്ഭുതം! ആ നിമിഷം അയാളുടെ കുഷ്ഠരോഗം മാറി (ലൂക്ക 5:12-13).

ഒരു ദിവസം ഈശോ ഒരു വീട്ടിലിരുന്ന് ആളുകളെ പഠിപ്പിക്കുകയായിരുന്നു. മുന്നിൽ വലിയ ജനക്കൂട്ടം. അപ്പോൾ കുറെപ്പേർചേർന്ന് ഒരു തളർവാതരോഗിയെ കിടക്കയിൽ എടുത്തുകൊണ്ടു വന്നു. ജനത്തിരക്കുമൂലം അവർക്ക് ഈശോയുടെ അടുക്കലേക്ക് എത്താൻ കഴിഞ്ഞില്ല. ഇതു മനസ്സിലാക്കി ചിലർ വീടിന്റെ മേൽക്കൂരപൊളിച്ച് കിടക്കയോടുകൂടെ അയാളെ പൊക്കിയെടുത്ത് ഈശോയുടെ മുന്നിൽ ഇറക്കി. അവരുടെ വിശ്വാസം കണ്ട് ഈശോ പറഞ്ഞു: "മകനേ, ധൈര്യമായിരിക്കുക; നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. എഴുന്നേറ്റ് നിന്റെ കിടക്കയുമെടുത്ത് വീട്ടിലേക്കു പോവുക." അത്ഭുതം! ആ നിമിഷംതന്നെ അയാൾ സുഖം പ്രാപിച്ച് കിടക്കയുമെടുത്ത് വീട്ടിലേക്കു പോയി (ലൂക്ക 5:17-26).



കാനായിൽ വച്ച് ഈശോ വെള്ളം വീഞ്ഞാക്കി.

മറിയം ഈശോയോടു പറഞ്ഞു: "മകനേ, അവർക്കു വീഞ്ഞില്ല."

മറിയം പരിചാരകരോടുപറഞ്ഞു:

"അവൻ പറയുന്നതു പോലെ ചെയ്യുക."

ഈശോ പരിചാരകരോടു പറഞ്ഞു:

"നിങ്ങൾ ഭരണികളിൽ വെള്ളം നിറയ്ക്കുവിൻ...."

അവർ അപ്രകാരം ചെയ്തു. ഈശോ വെള്ളം വീഞ്ഞാക്കിമാറ്റി. കലവറക്കാരൻ വീഞ്ഞായി മാറിയ ആ വെള്ളം രുചിച്ചു നോക്കി. അയാൾ ഗൃഹനാഥനോടുപറഞ്ഞു: "നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചു വച്ചുവല്ലോ" (യോഹ. 2:1–11).

**ഈശോ ധാരാളം അത്ഭുതങ്ങൾ പ്രവർത്തിച്ചു; അത്ഭുതങ്ങൾ ദൈവരാജ്യത്തിന്റെ അടയാളങ്ങൾ.**





ദൈവം മനുഷ്യർക്കുവേണ്ടി ധാരാളം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു. നാം ദൈവത്തോട് നന്ദിയുള്ള വരായിരിക്കണം. ഈശോ രോഗികളെ തൊട്ടുസു ഖപ്പെടുത്തി. ഈശോയെപ്പോലെ നാമും രോഗിക ളോട് കരുണയുള്ളവരായിരിക്കണം. അവരെ ശുശ്രൂ ഷിക്കണം. അവർക്കുവേണ്ടി പ്രാർത്ഥിക്കണം. നമുക്ക് വിഷമതകൾ ഉണ്ടാകുമ്പോൾ ഈശോ നമ്മുടെ സഹായത്തിനെത്തുന്നു.



## നമുക്കുപാടാം



കുരുടനു കാഴ്ച പകർന്നവനേ
ചെകിടനു കേൾവി കൊടുത്തവനേ
പാരിൻ കണ്ണീർ തുടച്ചവനേ
പാവനരൂപാ, നമിച്ചിടുന്നേൻ!

രോഗികൾക്കാശ്രയമായവനേ
ത്യാഗങ്ങളേറെ സഹിച്ചവനേ
പാതയും ജീവനുമായവനേ
താവകപാദം നമിച്ചിടുന്നേൻ!

## ഉത്തരം കണ്ടെത്താം

1. കുഷ്ഠരോഗി എന്താണ് ഈശോയോടു പറഞ്ഞത്?
2. കുഷ്ഠരോഗിയോട് ഈശോ എന്തു പറഞ്ഞു?
3. എങ്ങനെയാണ് തളർവാതരോഗിയെ ആളുകൾ ഈശോയുടെ അടുക്കലെത്തിച്ചത്?
4. ഈശോ തളർവാതരോഗിയോട് എന്താണുപറഞ്ഞത്?
5. കാനായിൽ ഈശോ പ്രവർത്തിച്ച അത്ഭുതമെന്ത്?
6. ദൈവരാജ്യത്തിന്റെ അടയാളം എന്താണ്?

## ഈശോ പ്രവർത്തിച്ച അത്ഭുതങ്ങൾ ബലൂണുകളിൽ എഴുതാം



## നിറം കൊടുക്കുക





## നമുക്കു ദൈവവചനം ഓർമ്മിക്കാം

“നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതു പോലെ, നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ ” (ലൂക്ക 6:36).



## നമുക്കു പ്രാർത്ഥിക്കാം

കനിവുള്ള ദൈവമേ, മനുഷ്യരുടെ പ്രയാസങ്ങളിൽ പങ്കുചേരുവാനും അവരെ സഹായിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ.



## നമുക്കു പ്രതിജ്ഞചെയ്യാം

രോഗികൾക്കും മുതിർന്നവർക്കും ഞാൻ കൂടുതൽ സഹായം ചെയ്യും.

## സത്പ്രവൃത്തികൾ ശീലിക്കുക

എല്ലാ രോഗികൾക്കും വേണ്ടി ദിവസേന പ്രാർത്ഥിക്കുക.

# 9 ഈശോയുടെ ഉപമകൾ

ഒരിക്കൽ ഒരു വിവാഹവിരുന്നിൽ മണവാളനെ സ്വീകരിക്കാൻ പത്തു കന്യകമാർ വിളക്കുമായി കാത്തിരുന്നു. ഈ കന്യകമാരിൽ അഞ്ചു പേർ വിവേകമുള്ളവരും അഞ്ചുപേർ വിവേകമില്ലാത്തവരും ആയിരുന്നു. വിവേകമതികൾ വിളക്കിനോടൊപ്പം എണ്ണയും കരുതിയിരുന്നു. മണവാളൻ എത്തിയപ്പോൾ രാത്രി ഏറെ വൈകി. വിവേകമതികളായ കന്യകമാർ തെളിച്ച വിളക്കുമായി മണവാളനെ സ്വീകരിക്കാനെത്തി. വിവേകമില്ലാത്ത കന്യകമാരുടെ കൈവശം എണ്ണയില്ലാതിരുന്നതിനാൽ വിളക്കു തെളിക്കാനായില്ല. അവർ എണ്ണ വാങ്ങാൻ പോയതിനാൽ മണവാളനെ സ്വീകരിക്കാനും കഴിഞ്ഞില്ല. അങ്ങനെ അവർ പുറത്തായി (മത്താ. 25:1–13).

നമ്മുടെ കടമകൾ ഉത്തരവാദിത്വത്തോടും വിവേകത്തോടും കൂടെ ചെയ്യണമെന്ന് നമ്മെ ഓർമ്മിപ്പിക്കാനാണ് ഈശോ പത്തു കന്യകമാരുടെ ഉപമ പറഞ്ഞത്.



ഈശോ ധാരാളം ഉപമകൾ പറഞ്ഞു. ഈശോയുടെ ഉപമകൾ പ്രസിദ്ധങ്ങളാണ്. സാധാരണക്കാരായ ജനങ്ങൾക്ക് വളരെ എളുപ്പത്തിൽ കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നതിനുവേണ്ടിയാണ് ഈശോ ഉപമകൾ പറഞ്ഞത്.

**ഉപമകളിലൂടെ ഈശോ ജനങ്ങളെ ദൈവസ്നേഹവും പരസ്നേഹവും എന്താണെന്നു പഠിപ്പിച്ചു.**

## ഈശോ പറഞ്ഞ ചില ഉപമകൾ

| | |
|---|---|
| **നല്ല സമരിയക്കാരന്റെ ഉപമ** (ലൂക്ക 10:25-37) | **ദരിദ്രനായ ലാസറിന്റെ ഉപമ** (ലൂക്ക 16:19-31) |
| **ധൂർത്തപുത്രന്റെ ഉപമ** (ലൂക്ക 15:11-32) | **പത്തു താലന്തുകളുടെ ഉപമ** (ലൂക്ക 19:12-27) |

## നല്ല സമരിയക്കാരന്റെ ഉപമ

ഒരിക്കൽ ഒരു നിയമപണ്ഡിതൻ യേശുവിനോട് ചോദിച്ചു: "ആരാണ് എന്റെ അയൽക്കാരൻ?"

അതിനുത്തരമായി യേശു ഒരു ഉപമ പറഞ്ഞു:

കള്ളന്മാർ ഒരു യാത്രക്കാരന്റെ വസ്ത്രങ്ങൾ ഉരിഞ്ഞെടുത്ത് അവനെ അടിച്ചും ഇടിച്ചും അവശനാക്കി വഴിവക്കിൽ തള്ളിയിട്ടു. പാവം യാത്രക്കാരൻ! അയാൾ വേദനയോടെ വഴിവക്കിൽ കിടന്നു.



ആ വഴിയിലൂടെ ഒരു യഹൂദപുരോഹിതൻ കടന്നുപോയി. ഒരു ലേവായനും കടന്നുപോയി. അവരാരും അവനെ തിരിഞ്ഞു നോക്കിയില്ല. ഒടുവിലാണ് സമരിയക്കാരൻ എത്തിയത്. അയാൾ അവന്റെ മുറിവുകൾ വച്ചുകെട്ടി ഒരു സത്രത്തിലാക്കി. സത്രംസൂക്ഷിപ്പുകാരന് രണ്ടുദെനാറ കൊടുത്തിട്ട് സമരിയക്കാരൻ പറഞ്ഞു: "ഈ മനുഷ്യനെ നന്നായി നോക്കണം. ഇയാൾക്കു വേണ്ട തെല്ലാം കൊടുക്കണം. പണം പോരാതെ വന്നാൽ ഞാൻ തിരികെ വരുമ്പോൾ തന്നുകൊള്ളാം".

"ഈ മൂന്നു പേരിൽ ആരാണ് അയാളുടെ അയൽക്കാരൻ?"

നിയമപണ്ഡിതൻ പറഞ്ഞു: "അവനോട് കരുണ കാണിച്ചവൻ."

ഈശോ പറഞ്ഞു: "നീയും പോയി ഇതുപോലെ ചെയ്യുക" (ലൂക്ക 10:25-37).

**ഉപമകളിലൂടെയാണ് ഈശോ പഠിപ്പിച്ചത്.**
**അതിനാൽ കേൾവിക്കാർക്ക് എല്ലാം എളുപ്പം മനസ്സിലായി.**





നമ്മുടെ കടമകൾ നന്നായി ചെയ്യണമെന്ന്
ദൈവം ആഗ്രഹിക്കുന്നു.
നമ്മുടെ സഹോദരങ്ങൾക്ക് നന്മചെയ്യുമ്പോൾ
നാം ദൈവത്തെ സ്നേഹിക്കുന്നു.
നല്ല സമരിയക്കാരനെപ്പോലെ നമുക്കും
നമ്മുടെ അയൽക്കാരെ സ്നേഹിക്കാം.
സങ്കടപ്പെടുന്നവരെ ആശ്വസിപ്പിക്കാം.

## നമുക്കുപാടാം



യേശുവിന്റെ ഉപമകൾ
എത്ര നല്ല ഉപമകൾ!

മാനുഷർക്കു പാതകാട്ടും
എത്ര നല്ല ഉപമകൾ!

പാരിലുള്ള ജീവിതം
ധന്യമാക്കി മാറ്റുവാൻ

യേശുവിന്റെ ഉപമകൾ
കേട്ടു നാം പഠിക്കണം

## ഉത്തരം കണ്ടെത്താം

1. എന്തിനുവേണ്ടിയാണ് ഈശോ ഉപമകൾ പറഞ്ഞത്?
2. വിവേകശൂന്യകളായ കന്യകമാർക്ക് എന്തു സംഭവിച്ചു?
3. കവർച്ചക്കാർ യാത്രക്കാരനെ എന്തു ചെയ്തു?
4. അടിയേറ്റുവീണ യാത്രക്കാരനെ സഹായിക്കാതെ പോയതാരെല്ലാം?
5. യാത്രക്കാരനെ സഹായിച്ച ആ നല്ല മനുഷ്യൻ ആരായിരുന്നു?
6. നിയമപണ്ഡിതനോട് ഏറ്റവും ഒടുവിൽ ഈശോ എന്താണു പറഞ്ഞത്?

## ശരിയായ ഉത്തരം കണ്ടെത്താം

1. ആരെ പഠിപ്പിക്കാനാണ് യേശു ഉപമകൾ പറഞ്ഞത്?
   - ☐ ശിഷ്യന്മാരെ ☐ സാധാരണക്കാരെ ☐ ചുങ്കക്കാരെ
2. പത്തു കന്യകമാർ മണവാളനെ സ്വീകരിക്കാൻ കൈയിൽ കരുതിയിരുന്നതെന്ത്?
   - ☐ നക്ഷത്രങ്ങൾ ☐ പൂക്കൾ ☐ വിളക്കുകൾ
3. യാത്രക്കാരന് ആരാണ് അയൽക്കാരനായിത്തീർന്നത്?
   - ☐ ലേവായൻ ☐ പുരോഹിതൻ ☐ സമരിയക്കാരൻ
4. അവശനായ യാത്രക്കാരനെ എവിടെ കൊണ്ടുചെന്നാക്കി?
   - ☐ സത്രത്തിൽ ☐ വീട്ടിൽ ☐ ദേവാലയത്തിൽ

## നിറം കൊടുക്കുക



### അനുഭവം പങ്കുവയ്ക്കാമോ?

നല്ല സമരിയക്കാരനെപ്പോലെ നിങ്ങൾ ചെയ്ത ഒരു

അനുഭവം പങ്കുവയ്ക്കാമോ?



## നമുക്കു ദൈവവചനം ഓർമ്മിക്കാം

“ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ ദ്വേഷി ക്കുന്നവർക്കു നന്മചെയ്യുവിൻ; ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ; അധിക്ഷേപിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുവിൻ” (ലൂക്ക 6:27-28).

## നമുക്കു പ്രാർത്ഥിക്കാം

കരുണയുള്ള ദൈവമേ, അവശനായ യാത്രക്കാര നോട് കാരുണ്യപൂർവം പെരുമാറിയ സമരിയക്കാ രനെപ്പോലെ ദു:ഖിതരോട് അലിവു തോന്നുന്ന നല്ല മനസ്സ് ഞങ്ങൾക്കു നല്കണമേ.





## നമുക്കു പ്രതിജ്ഞചെയ്യാം

ഞാൻ എല്ലാവരെയും സ്നേഹിക്കും. ആരോടും ദേഷ്യപ്പെടാതെ പെരുമാറാൻ പ്രത്യേകം ശ്രദ്ധിക്കും.

## സത്പ്രവൃത്തികൾ ശീലിക്കുക

പഠിക്കാൻ മറ്റുള്ളവരെ ഞാൻ സഹായിക്കും.

# 10 ഈശോ നമുക്കായി മരിച്ചു

ഈശോ ധാരാളം അത്ഭുതങ്ങൾ പ്രവർത്തിച്ചു.
അനേകം ഉപമകൾ പറഞ്ഞു പഠിപ്പിച്ചു.
അനേകർക്ക് രോഗശാന്തി നല്കി.
ഈശോയുടെ ഉപദേശങ്ങൾ
കേൾക്കാൻ ആയിരങ്ങൾ തടിച്ചുകൂടി.
ധാരാളം പേർ ഈശോയിൽ വിശ്വസിച്ചു.



അന്നത്തെ യഹൂദപുരോഹിതന്മാർക്കും ജനപ്രമാണിമാർക്കും ഇതത്ര രസിച്ചില്ല. ഇങ്ങനെ പോയാൽ ഈശോയെ ജനം തങ്ങളുടെ രാജാവാക്കുമെന്ന് അവർ ഭയപ്പെട്ടു. പകയും വിദ്വേഷവും കൊണ്ട് അവരുടെ മനം നിറഞ്ഞു. ഈശോയെ കൊല്ലാൻ അവർ പല ഗൂഢതന്ത്രങ്ങളും ആലോചിക്കാൻ തുടങ്ങി.

കാര്യസാധ്യത്തിനായി ഈശോയുടെ ശിഷ്യന്മാരിൽ ഒരാളെ അവർ കൂട്ടുപിടിച്ചു. 'യൂദാസ് സ്കറിയോത്താ' എന്നായിരുന്നു അയാളുടെ പേര്. ഈശോയെ കാണിച്ചുകൊടുത്താൽ മുപ്പതു വെള്ളിക്കാശ് സമ്മാനമായി കൊടുക്കാമെന്ന് അവർ അയാളെ മോഹിപ്പിച്ചു. അയാൾ അതുവാങ്ങി സ്വന്തംഗുരുവിനെ ശത്രുക്കൾക്ക് ഒറ്റിക്കൊടുത്തു.



ശത്രുക്കൾ
ഈശോയെ
പിടിച്ചുകെട്ടി
അധികാരികളുടെ
മുന്നിൽ കൊണ്ടുവ
ന്നു. അവർ ഈശോ
യുടെമേൽ ഇല്ലാത്ത
കുറ്റങ്ങൾ ചുമത്തി.





മരണത്തിനു വിധിക്ക
പ്പെട്ട ഈശോയെ
പടയാളികൾ ചമ്മട്ടി
കൊണ്ട് അടിച്ചു. ചിലർ
ഈശോയുടെ
മുഖത്തുതുപ്പി.
തലയിൽ മുള്ളു
കൊണ്ടുണ്ടാക്കിയ
കിരീടം അമർത്തി
വച്ചു.

കുരിശും കൊണ്ട് പടയാളികൾ ഈശോയെ ഗാഗുൽത്താമലമുകളിലേക്ക് നടത്തിച്ചു. ഭാരം താങ്ങാനാവാതെ തളർന്നുവീണപ്പോൾ അവർ ചാട്ടവാർ കൊണ്ട് അടിച്ചു. ഈശോ നിശ്ശബ്ദനായി സകല വേദനകളും സഹിച്ചു.

മലമുകളിലെത്തിയപ്പോൾ അവർ ഈശോയുടെ വസ്ത്രങ്ങൾ ഉരിഞ്ഞുമാറ്റി. പിന്നെ കുരിശിൽ കിടത്തി. കൈകളിലും കാലുകളിലും വലിയ കാരിരുമ്പാണികൾ അടിച്ചു കയറ്റി. അതിനുശേഷം കുരിശ് മലമുകളിൽ നാട്ടി.



ഈശോയുടെ കുരിശിന്റെ ഇടതും വലതുമായി രണ്ടു കള്ളന്മാരെയും അവർ കുരിശിൽ തറച്ചു. ഈശോയുടെ കുരിശിനു മുകളിൽ ഇങ്ങനെ എഴുതിവച്ചു:

**"യഹൂദരുടെ രാജാവായ നസ്രത്തുകാരൻ ഈശോ"** (യോഹ. 19:19).

കുരിശിൽ കിടന്ന് ഈശോ

തന്നെ ദ്രോഹിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചു:

**"പിതാവേ, ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല. ഇവരോട് ക്ഷമിക്കണമേ."**

അനന്തരം ഈശോ കുരിശിൽ കിടന്നു മരിച്ചു.

അന്ന് വെള്ളിയാഴ്ചയായിരുന്നു-

ആദ്യത്തെ ദുഃഖവെള്ളിയാഴ്ച.

**നമ്മുടെ രക്ഷയ്ക്കുവേണ്ടിയാണ് ഈശോ കുരിശിൽ മരിച്ചത്.**

**പാപം ചെയ്യാതിരിക്കുക എന്നതാണ് ഈശോയെ സ്നേഹിക്കുക എന്നതിന്റെ അർത്ഥം.**



കുരിശ് സ്നേഹത്തിന്റെയും സഹനത്തിന്റെയും അടയാളമാണ്. നാം മറ്റുള്ളവരെ സ്നേഹിക്കുകയും അവർക്കു വേണ്ടി സഹിക്കുകയും വേണം. നാം ചെയ്ത പാപങ്ങളുടെ പരിഹാരത്തിനു വേണ്ടിയാണ് ഈശോ പീഡകൾ സഹിച്ചത്. നാം ചെയ്യുന്ന ഓരോ പാപവും ഈശോയെ വേദനിപ്പിക്കും. തെറ്റുകളൊന്നും ചെയ്യാതെ നാം നല്ല കുട്ടികളായി ജീവിക്കുന്നതാണ് ഈശോയ്ക്കിഷ്ടം.

## നമുക്കുപാടാം

പാപികൾ നമ്മൾക്കു രക്ഷയേകാൻ
പാരിന്റെ മക്കൾക്കു പാത കാട്ടാൻ
കുരിശു ചുമന്നു തളർന്നുവല്ലോ
കാരുണ്യരൂപനാമേശുനാഥൻ



മാനവർ നമ്മൾക്കു ശാന്തിയേകാൻ
മന്നിടം സ്വർലോകമാക്കി മാറ്റി
കുരിശിൽ കിടന്നു പിടഞ്ഞുവല്ലോ
സ്നേഹസ്വരൂപനാമേശുനാഥൻ

നിന്ദിതർ നമ്മൾക്കു നന്മയേകാൻ
പീഡിതർക്കൊക്കെയും നീതികിട്ടാൻ
കാൽവരിക്കുന്നിൽ മരിച്ചുവല്ലോ
ദൈവകുമാരനാമേശുനാഥൻ!

## ഉത്തരം കണ്ടെത്താം

1. ഈശോ ചെയ്ത നല്ല കാര്യങ്ങൾ ഇഷ്ടപ്പെടാത്തത് ആർക്കായിരുന്നു?
2. ഈശോയെ ഒറ്റിക്കൊടുത്തത് ആരാണ്?
3. ഈശോയെ ഒറ്റിക്കൊടുത്തതിന് അയാൾക്കു ലഭിച്ച സമ്മാനമെന്ത്?
4. പടയാളികൾ എന്തു പറഞ്ഞാണ് ഈശോയെ പരിഹസിച്ചത്?
5. ഈശോയുടെ കുരിശിനു മുകളിൽ എഴുതിവച്ചതെന്ത്?
6. കുരിശിൽ കിടന്ന് ഈശോ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിച്ചതെന്ത്?
7. ഈശോയെ കുരിശിൽ തറച്ചുകൊന്നത് ഏതു ദിവസമായിരുന്നു?

**താഴെ കാണുന്ന ചിത്രങ്ങൾ നോക്കി ഈശോയുടെ പീഡാനുഭവരംഗങ്ങൾ ഏതെല്ലാമെന്ന് എഴുതുക**







## വിശ്വാസപ്രമാണം

സർവശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടത്തെ ഏകപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായിലും വിശ്വസിക്കുന്നു. ഈ പുത്രൻ പരിശുദ്ധാത്മാവാൽ ഗർഭസ്ഥനായി കന്യകാമറിയത്തിൽ നിന്നു പിറന്നു, പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിച്ച്, കുരിശിൽ തറയ്ക്കപ്പെട്ട്, മരിച്ച് അടക്കപ്പെട്ട്, പാതാളങ്ങളിൽ ഇറങ്ങി, മരിച്ചവരുടെ ഇടയിൽ നിന്ന് മൂന്നാംനാൾ ഉയിർത്തു സ്വർഗത്തിലേക്കെഴുന്നള്ളി സർവശക്തിയുള്ള പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു. അവിടെനിന്ന് ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കുവാൻ വരുമെന്നും ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. വിശുദ്ധ കത്തോലിക്കാസഭയിലും പുണ്യവാന്മാരുടെ ഐക്യത്തിലും പാപങ്ങളുടെ മോചനത്തിലും ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു,

ആമ്മേൻ.



## നമുക്കു പ്രാർത്ഥിക്കാം

ഞങ്ങൾക്കായി കുരിശിൽ മരിച്ച ഈശോയേ, അങ്ങയെയും മറ്റുള്ളവരെയും സ്നേഹിക്കാൻ ഞങ്ങളെ പഠിപ്പിക്കണമേ.

## നമുക്കു ദൈവവചനം ഓർമ്മിക്കാം

"ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" (മർക്കോ. 8:34).





## നമുക്കു പ്രതിജ്ഞചെയ്യാം

ഞാൻ മറ്റുള്ളവരെ ഒരിക്കലും വേദനിപ്പിക്കില്ല.

## സത്പ്രവൃത്തികൾ ശീലിക്കുക

എന്നോട് വിരോധത്തിൽ കഴിയുന്ന കൂട്ടുകാരെ ഞാൻ കൂടുതൽ സ്നേഹിക്കും. അവരോട് രമ്യപ്പെടും.

# 11 ഈശോ ഉയിർത്തെഴുന്നേറ്റു




"ഈശോ ഇവിടെയില്ല; അവൻ ഉയിർത്തെഴുന്നേറ്റു."
ഉയിർത്തെഴുന്നേറ്റ ഈശോ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടു.
അവരോടു പറഞ്ഞു:"നിങ്ങൾക്ക് സമാധാനം!"
ഈശോ ശിഷ്യന്മാരോടൊത്ത് ഭക്ഷണം കഴിച്ചു.
മൂന്നാംനാൾ ഈശോ ഉയിർത്തെഴുന്നേല്ക്കുമെന്ന്
നേരത്തെതന്നെ അവരോടു പറഞ്ഞിരുന്നു.
വീണ്ടും ഈശോ അത് ശിഷ്യന്മാരെ ഓർമ്മിപ്പിച്ചു.
അവിടത്തെ ഉയിർപ്പിൽ അവർ വിശ്വസിച്ചു.



**ഈശോ ഉയിർത്തെഴുന്നേറ്റ ദിവസമാണ് ഈസ്റ്റർ.**
**ഈസ്റ്റർ എന്ന വാക്കിന് ഉയിർപ്പുതിരുനാൾ എന്നാണർത്ഥം.**

**ഈസ്ററർ തിരുനാളുകളുടെ തിരുനാളാണ്.**
**നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമാണ് ഈശോയുടെ ഉയിർപ്പ്**



ഈശോ മരിച്ചതും ഉയിർത്തെഴുന്നേറ്റതും നമു വേണ്ടിയാണ്. ഈശോ കർത്താവും ദൈവവുമാണെന്ന് നമുക്ക് ഏറ്റു പറയാം. ഈസ്റ്റർദിനത്തിലെ സമാധാനം എപ്പോഴും നമുക്കു പങ്കുവയ്ക്കാം. നല്ലവരായി ജീവിച്ചാൽമാത്രമേ ഈശോയുടെ ഉയിർപ്പിന്റെ സന്തോഷത്തിൽ നമുക്കു പങ്കുചേരാനാവൂ. നമ്മെയും ദൈവം ഉയിർപ്പിക്കും.

## പെസഹാക്കാല ത്രിസന്ധ്യാജപം

സ്വർല്ലോകരാജ്ഞി ആനന്ദിച്ചാലും, ഹല്ലേലൂയ്യ.

എന്തെന്നാൽ ഭാഗ്യവതിയായ അങ്ങയുടെ തിരുവുദരത്തിൽ അവതരിച്ചയാൾ, ഹല്ലേലൂയ്യ.

അരുളിചെയ്തതുപോലെ ഉയിർത്തെഴുന്നേറ്റു, ഹല്ലേലൂയ്യ.

ഞങ്ങൾക്കുവേണ്ടി സർവേശ്വരനോട് പ്രാർത്ഥിക്കണമേ, ഹല്ലേലൂയ്യ.

കന്യകാമറിയമേ ആമോദിച്ചാനന്ദിച്ചാലും, ഹല്ലേലൂയ്യ.

എന്തെന്നാൽ കർത്താവ് സത്യമായി ഉയിർത്തെഴുന്നേറ്റു, ഹല്ലേലൂയ്യ.

### പ്രാർത്ഥിക്കാം

സർവേശ്വരാ, അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ ഉത്ഥാനത്താൽ ലോകത്തെ ആനന്ദിപ്പിക്കുവാൻ അങ്ങ് തിരുമനസ്സായല്ലോ. അവിടത്തെ മാതാവായ കന്യകാമറിയം മുഖേന ഞങ്ങൾ നിത്യാനന്ദം പ്രാപിക്കുവാൻ അനുഗ്രഹം നൽകണമേ എന്ന് അങ്ങയോട്
ഞങ്ങൾ അപേക്ഷിക്കുന്നു,
ആമ്മേൻ.

### നമുക്കുപാടാം



ഉയിർത്തെണീറ്റു മനുഷ്യപുത്രൻ
ഉയിർത്തെണീറ്റു മൂന്നാംനാൾ
മരിച്ചു കല്ലറപൂകിയ നാഥൻ
ഉയിർത്തെണീറ്റു മൂന്നാംനാൾ

പള്ളികൾ തോറും കേൾക്കാമല്ലോ
പുണ്യംവഴിയും മണിനാദം
പാടാം നമ്മൾക്കൊന്നായ് പാടാം
മിശിഹാനാഥനു സ്തുതിഗീതം!

## ഉത്തരം കണ്ടെത്താം

1. ഈസ്റ്റർദിനത്തിൽ പ്രഖ്യാപിക്കപ്പെട്ട വാർത്ത എന്ത്?
2. ഉയിർത്തെഴുന്നേറ്റ ഈശോ ശിഷ്യന്മാരോടു പറഞ്ഞതെന്ത്?
3. ഈസ്റ്റർ എന്ന പദത്തിന്റെ അർത്ഥമെന്ത്?
4. ഉയിർപ്പിന്റെ സന്തോഷത്തിൽ പങ്കുചേരാൻ നാം എന്തു ചെയ്യണം?

## നിറം കൊടുക്കുക






**ഈസ്റ്ററുമായി ബന്ധപ്പെട്ട വാക്കുകൾ പൂവിതളിൽ എഴുതുക.**



## നമുക്കു ദൈവവചനം ഓർമ്മിക്കാം

"ഈശോയെ ദൈവം ഉയിർപ്പിച്ചു. ഞങ്ങളെല്ലാവരും അതിനു സാക്ഷികളാണ്" (അപ്പോ. 2:32).



## നമുക്കു പ്രാർത്ഥിക്കാം

കല്ലറയിൽ നിന്ന് ഉയിർത്തെഴുന്നേറ്റ ഈശോയേ, അങ്ങ് കർത്താവും ദൈവവുമാണല്ലോ. അങ്ങയുടെ ഉയിർപ്പിന്റെ ആനന്ദത്തിൽ ഞങ്ങളെയും പങ്കുകാരാക്കണമേ.



## നമുക്കു പ്രതിജ്ഞ ചെയ്യാം

ഞാൻ എല്ലാ ദിവസവും മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കും.

## സത്പ്രവൃത്തികൾ ശീലിക്കുക

ഈശോയുടെ അനുഗ്രഹത്താൽ ഉണ്ടാകുന്ന അനുഭവങ്ങൾ മറ്റുള്ളവരെ അറിയിക്കാൻ ശീലിക്കാം.

# 12 ഈശോയുടെ സ്വർഗാരോഹണം



ഉയിർത്തെഴുന്നേല്പിന്റെ നാല്പതാംദിവസം ഈശോ തന്റെ ശിഷ്യന്മാരെ ഒലിവുമലയിലേക്ക് കൂട്ടിക്കൊണ്ടുപോയി. കൈകളുയർത്തി അവിടന്ന് അവരെ അനുഗ്രഹിച്ചു. ഇങ്ങനെ അനുഗ്രഹിച്ചുകൊണ്ടുനിൽക്കേ, ഈശോ സ്വർഗത്തിലേക്കുയർന്നു. താമസിയാതെ ഒരു മേഘം വന്ന് അവിടത്തെ മറച്ചു (ലൂക്ക 24:50-52).

അവൻ ആകാശത്തിലേക്കു പോകുന്നത് അവർ നോക്കിനില്ക്കുമ്പോൾ, വെള്ളവസ്ത്രം ധരിച്ച രണ്ടുപേർ അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ട് പറഞ്ഞു:
നിങ്ങൾ ആകാത്തേയ്ക്ക് നോക്കി നിൽക്കുന്നതെന്ത്? നിങ്ങളിൽ നിന്ന് സ്വർഗത്തിലേക്ക് സംവഹിക്കപ്പെട്ട ഈശോ, സ്വർഗത്തിലേക്ക് പോകുന്നതായി നിങ്ങൾ കണ്ടതുപോലെ തന്നെ തിരിച്ചുവരും." (അപ്പോ. 1:11)
ഈശോ താമസിയാതെ പിതാവിന്റെ
വലതുഭാഗത്ത് ഉപവിഷ്ടനായി.

**ഈശോ പ്രത്യക്ഷപ്പെട്ട ഒരു സംഭവം വിവരിക്കാം**

ലൂക്ക 24 - എമ്മാവൂസ് അനുഭവം (അല്ലെങ്കിൽ)
യോഹ. 21 - യേശുവും ശിഷ്യന്മാരും

**ഈശോ നാല്പതാം ദിനമാണ് സ്വർഗാരോഹണം ചെയ്തത്. അവിടന്ന് പിതാവിന്റെ വലതുഭാഗത്ത് ഇരിക്കുന്നു.**





സ്വർഗാരോഹണം കഴിഞ്ഞ് പത്തു ദിവസമായപ്പോൾ ഈശോ ശിഷ്യന്മാരുടെ മേൽ പരിശുദ്ധാത്മാവിനെ അയച്ചു. നന്മ ചെയ്ത് ജീവിക്കാൻ നമുക്കും നിരന്തരം പരിശുദ്ധാത്മാവിന്റെ നിറവിനായി പ്രാർത്ഥിക്കാം. പുണ്യത്തിൽ വളർന്ന് നമുക്കും സ്വർഗരാജ്യം സ്വന്തമാക്കാം. ഈശോയോടൊപ്പം ആയിരിക്കാം.



## നമുക്കുപാടാം

ജീവിതകാലത്തു നന്മചെയ്താൽ
നമ്മൾക്കു നേടിടാം സ്വർഗരാജ്യം
മാലാഖമാരൊത്തു കൂട്ടുകൂടാം
പാവനസ്നേഹത്തിൻ പാട്ടുപാടാം

സ്വർഗപിതാവിൻ വലതുഭാഗേ
നിത്യപരിമളമാർന്ന ദിക്കിൽ
ദാവീദിൻപുത്രനാമേശുനാഥൻ
എപ്പൊഴും നമ്മളെ കാത്തിരിപ്പൂ!

## ഉത്തരം കണ്ടെത്താം

1. ഉയിർത്തെഴുന്നേറ്റതിന്റെ എത്രാം ദിവസമാണ് ഈശോ സ്വർഗാരോഹണം ചെയ്തത്?
2. ആകാശത്തേയ്ക്ക് നോക്കിനിന്ന ശിഷ്യരോട് വെള്ളവസ്ത്രം ധരിച്ച് പ്രത്യക്ഷപ്പെട്ട രണ്ടുപേർ എന്താണ് പറഞ്ഞത്?
3. ദൈവത്തിന്റെ ഏതു വശത്താണ് ഈശോ ഉപവിഷ്ടനായത്?
4. സ്വർഗാരോഹണം കഴിഞ്ഞ് എത്ര ദിവസമായപ്പോഴാണ് ഈശോ ശിഷ്യന്മാരുടെ മേൽ പരിശുദ്ധാത്മാവിനെ അയച്ചത്?
5. സ്വർഗരാജ്യം സ്വന്തമാക്കാൻ എങ്ങനെ വളരണം?

## സ്വർഗത്തിൽ എത്തിച്ചേരാൻ ആവശ്യമായവ മാത്രം തിരഞ്ഞെടുത്ത് എഴുതുക

- സ്നേഹം
- ക്ഷമ
- കോപം
- അസൂയ
- സഹനം
- മോഹം
- നന്മ
- പ്രതികാരം
- പുണ്യം
- ചതി
- വഞ്ചന
- പ്രാർത്ഥന
- സത്പ്രവൃത്തി
- ബൈബിൾ വായന
- ജപമാല
- മതപാഠനം
- എളിമ

### കത്തെഴുതാം

സ്വർഗത്തിൽ പിതാവിന്റെ വലതുഭാഗത്തിരിക്കുന്ന ഈശോയ്ക്ക് സ്വർഗത്തിലെ വിശേഷങ്ങൾ ചോദിച്ചും നിങ്ങളുടെ വിശേഷങ്ങൾ പറഞ്ഞും ഒരു കത്തെഴുതുക.



## നമുക്കു ദൈവവചനം ഓർമ്മിക്കാം



നിങ്ങൾ ആകാശത്തേയ്ക്ക് നോക്കി നിൽക്കുന്ന തെന്ത്? നിങ്ങളിൽ നിന്ന് സ്വർഗത്തിലേക്ക് സംവഹിക്കപ്പെട്ട ഈശോ, സ്വർഗത്തിലേക്ക് പോകുന്നതായി നിങ്ങൾ കണ്ടതുപോലെ തന്നെ തിരിച്ചുവരും." (അപ്പോ. 1:11)

## നമുക്കു പ്രാർത്ഥിക്കാം



നല്ല ദൈവമേ,
ഈ ദിവസം ഞങ്ങൾക്കു നല്കിയതിന്
അങ്ങേക്കു നന്ദിപറയുന്നു.
അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു.

## നമുക്കു പ്രതിജ്ഞചെയ്യാം



നല്ലതുമാത്രം കണ്ടും നല്ലതുമാത്രം കേട്ടും നല്ലതുമാത്രം പറഞ്ഞും ഞാൻ എന്റെ കണ്ണും കാതും നാവും പരിശുദ്ധമായി സൂക്ഷിക്കും.

## സത്പ്രവൃത്തികൾ ശീലിക്കുക

സെമിത്തേരി സന്ദർശിച്ച് മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കാൻ ശീലിക്കാം.

# ഉണ്ണീശോയുടെ ചെറുപുഷ്പം



പൂന്തോട്ടങ്ങളിൽ വിടർന്നുനിൽക്കുന്ന പുഷ്പങ്ങൾ കാണാൻ എന്തൊരു ഭംഗിയാണല്ലേ! അവയുടെ നിറവും മണവും എത്ര ആസ്വദിച്ചാലും നമുക്ക് മതിവരികയില്ല.

സുഗന്ധം പരത്തുന്ന റോസാപ്പുഷ്പംപോലെ, നന്മയുടെ നറുമണം വാരിത്തൂകിയ ഒരു പുണ്യവതി നമുക്കുണ്ട്. അതാണ് വിശുദ്ധ കൊച്ചു ത്രേസ്യാ. അവൾ അറിയപ്പെട്ടിരുന്നതുതന്നെ 'ചെറുപുഷ്പം' എന്ന ഓമ നപ്പേരിലാണ്.

'അലെൻ സോണ' എന്ന സ്ഥലത്താണ് കൊച്ചുത്രേസ്യാ ജനിച്ചത്. 1873 ജനുവരി 2-നാണു ജനനം. സാമാന്യം ധനശേഷിയുള്ള ഒരു പട്ടു കച്ചവടക്കാരനായിരുന്നു അവളുടെ പിതാവ്. ലൂയി മാർട്ടിൻ എന്നായി രുന്നു അദ്ദേഹത്തിന്റെ പേര്. മരിയ, പൗളിൻ, ലെയോനി, സെലിൻ എന്നി ങ്ങനെ നാലു സഹോദരിമാർ അവൾക്കുണ്ടായിരുന്നു.

കൊച്ചുത്രേസ്യായ്ക്ക് നാലുവയസ്സുള്ളപ്പോൾ അവളുടെ പ്രിയപ്പെട്ട അമ്മ മരണമടഞ്ഞു. സ്നേഹനിധിയായ പിതാവ് ദൈവഭയത്തിലാണ് മക്കളെ എല്ലാവരെയും വളർത്തിയത്. അതുകൊണ്ടാകാം കൊച്ചുത്രേസ്യാ യുടെ നാല് ചേച്ചിമാരും കന്യാസ്ത്രീകളായിത്തീർന്നു.

കൊച്ചുത്രേസ്യായും സ്വയം ദൈവത്തിനു സമർപ്പിക്കാൻ തീരുമാനി ച്ചു. അതിനായി അവൾ കൂടുതൽ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ചെറുപ്പത്തിൽ അമ്മയെ നഷ്ടപ്പെട്ട അവൾ അതിനകം തന്നെ പരിശുദ്ധ മറിയത്തെ തന്റെ അമ്മയായി സ്വീകരിച്ചുകഴിഞ്ഞിരുന്നു.

പിതാവിനോടൊപ്പം റോമിൽപ്പോയി ലെയോ പതിമൂന്നാമൻ മാർപാപ്പായോട് പ്രത്യേക അനുഗ്രഹം വാങ്ങിയാണ് കൊച്ചുത്രേസ്യാ കർമ്മലീത്താമഠത്തിൽ ചേർന്നത്.

ഈശോയ്ക്കുവേണ്ടി എന്തുചെയ്യാനും അവൾ സന്നദ്ധയായിരുന്നു. വീട്ടുമുറ്റം അടിച്ചുവൃത്തിയാക്കുക, അടുക്കളത്തോട്ടം നനയ്ക്കുക തുടങ്ങിയ നിസ്സാരമായ പ്രവൃത്തികൾപോലും അവൾ ഈശോയ്ക്ക് കാഴ്ച വച്ചു.

1887 ജനുവരി 10-ന് കൊച്ചുത്രേസ്യാ സഭാവസ്ത്രം സ്വീകരിച്ചു. അതോടെ കർമ്മലീത്താമഠത്തിൽ നന്മയുടെ നറുമണം നിറഞ്ഞു. ഒത്തിരിവേദനകളിലൂടെ കടന്നുപോയെങ്കിലും അതെല്ലാം അവൾ ഈശോയ്ക്കായി സഹിച്ചു. മഠത്തിലെ അമ്മമാർ ഏല്പിച്ച ഓരോ ചുമതലയും അവൾ കൂടുതൽ വിശ്വസ്തതയോടെ ചെയ്തു തീർത്തു.

ഇതിനിടയിൽ കൊച്ചുത്രേസ്യാ രോഗബാധിതയായി. ദീർഘനാൾ അവൾ കിടക്കയിലായി. എന്തിനു പറയുന്നു; ഇരുപത്തിനാലാം വയസ്സിലേക്കു കടന്നപ്പോൾ ആ മനോഹരപുഷ്പത്തെ ദൈവം തന്റെ സ്വർഗീയ ഉദ്യാനത്തിലേക്ക് കൊണ്ടുപോയി.

മരണത്തിനുമുമ്പ് കൊച്ചുത്രേസ്യാ വെളിപ്പെടുത്തി: “ഞാൻ സ്വർഗത്തിൽ നിന്ന് നിങ്ങൾക്കുമേൽ റോസാപ്പുഷ്പങ്ങൾ വർഷിക്കും!” ആ വാക്കു പാലിച്ചുകൊണ്ട് അവളിന്നും നമുക്കുമേൽ അനുഗ്രഹത്തിന്റെ സുഗന്ധപുഷ്പങ്ങൾ വർഷിച്ചുകൊണ്ടേയിരിക്കുന്നു.

വിശുദ്ധ കൊച്ചുത്രേസ്യായെപ്പോലെ നമുക്കും വിശുദ്ധരാകാം; നമുക്കും നന്മയുടെ പരിമളം പരത്താം. അങ്ങനെ ദൈവത്തിന്റെ ആരാമത്തിലെ ചന്തമുള്ള കൊച്ചുപുഷ്പങ്ങളായി മാറാം.

## ഉത്തരം കണ്ടെത്താം

1. 'ചെറുപുഷ്പം' എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന പുണ്യവതി ആര്?
2. എവിടെയായിരുന്നു ചെറുപുഷ്പത്തിന്റെ ജനനം?
3. ആരായിരുന്നു കൊച്ചുത്രേസ്യായുടെ പിതാവ്?
4. കൊച്ചുത്രേസ്യായുടെ ജന്മദേശം എവിടെയാണ്?
5. എന്തായിരുന്നു കൊച്ചുത്രേസ്യായുടെ തീരുമാനം?
6. തന്റെ തീരുമാനം നടപ്പാക്കാൻ കൊച്ചുത്രേസ്യാ എന്തുചെയ്തു?
7. കൊച്ചുത്രേസ്യാ സഭാവസ്ത്രം സ്വീകരിച്ചത് എന്നാണ്?
8. മരണത്തിനുമുമ്പ് കൊച്ചുത്രേസ്യാ വെളിപ്പെടുത്തിയതെന്ത്?

### ഓർമ്മിക്കാം

"മൂന്നാമത്തെ വയസ്സുമുതൽ നല്ലവനായ
എന്റെ ദൈവത്തിന് ഒന്നുംതന്നെ ഞാൻ നിഷേധിച്ചിട്ടില്ല"

***(വിശുദ്ധ കൊച്ചുത്രേസ്യാ)***